# വിദ്യാഭിവർദ്ധിനി.

"വിദ്യാധനം സർവ്വധനാൽ പ്രധാനം."

പു: 15. { 110 വൃശ്ചികം } ലക്കം 9

## ശ്രീവാഗീശ്വരീസ്തവം.

(മാവേലിക്കര കൊച്ചുകടക്കേത്തു കൃഷ്ണൻനായർ.)

സ്മിതവിധുമുഖി! ചാരുദിവ്യവീണാ-
ധൃതകരലാലസിതേ, ശ്രുതാധിദേവി!
ശ്രിതജനപരിപാലനപ്രഭാവേ,
ശതമഖമുഖ്യസുരാർച്ചിതേ! തൊഴുന്നേൻ. 1

ജലരുഹഭവരാഗവല്ലികേ! നി-
സ്തുലകരുണാമകരന്ദസാരസത്തേ!
വിലസുക നിയതം മദീയജിഹ്വാ-
നിലയനവൈഹൃതിയാർന്നു വാണിമാതേ!. 2

അയി! ഭവതി കനിഞ്ഞുകണ്ണയയ്ക്കിൽ
കുയിൽമൊഴി! പാമരനും കവീശ്വരൻതാൻ
ത്വയി ഹൃദയമുറയ്ക്കിൽ മൂകനും മേ-
ന്മയിൽ വചനങ്ങൾ നിരങ്കുശംപൊഴിക്കും. 3

മലർമകളുടെമോദവായ്പിനാൽ വൻ
നിലയിൽമദിച്ചു നയിച്ചിടുംജനത്തിൽ,
അലസത തവകാരുണിക്കുദിക്കിൽ
വിലയവനെങ്ങനെ സംഭവിപ്പു ദേവി! 4

വരതനു! രസനാപയോധിതന്നിൽ
സരസവചോൎമ്മികൾ കേളിചെയ്തിടാൻമേ
പരമമൃദുലഹാസചന്ദ്രികാപ്രസ -
ഫുരണസമൎത്ഥതചെയ്ക ശാരദാംബേ! 5

അവികലകുതുകത്തൊടന്വഹം ത്വൽബ് -
ഭവികനിധാനപദാബ്ജമാധ്വിയുണ്മാൻ,
കവിജനനി! മദീയചിത്തഭൃംഗ
പ്രവരനു സമ്മതിനൽക മുക്തശങ്കം. 6

അകമലരലിവാന്നിടേണമെന്നിൽ
പകലിരവും; ശുകരാജമാനഹസ്തേ!
മികവുതകിയ ഗാനസാഹിതീ സൽ -
പ്രകടിതസുസ്തനസംയുതേ! നമസ്തേ. 7

---

## സങ്കരവിദ്യാഭ്യാസം. *

(എ. കേശവപിള്ള.)

സാന്മാൎഗ്ഗികദൃഷ്ട്യാ പരിശോധനചെയ്യുന്നതായാൽ ഗുണത്തെക്കാൾ അധികം ദോഷമാണു സങ്കരവിദ്യാഭ്യാസംകൊണ്ടു ലോകത്തിനുണ്ടായിക്കൊണ്ടിരിക്കുന്നതെന്നു കാണാവുന്നതാണ്. ഒരു ആഡംബരം, അല്ലെങ്കിൽ അനുകരണരൂപത്തിലുള്ള പരിഷ്കാരം ആയിട്ടാണ് ഇതിനെ കണക്കാക്കേണ്ടിയിരിക്കുന്നതു്. സ്ത്രീകളെയും പുരുഷന്മാരെയും ഒരുമിച്ചിരുത്തി വിദ്യാഭ്യാസം ചെയ്യിക്കുന്നതു ഒരുവിധത്തിലും നന്നാണെന്നു പറവാൻ ഒരു വഴിയും കാണുന്നില്ല. ഏതെങ്കിലും രാജ്യക്കാർ ഒരു പരിഷ്കാരം (എപ്പോഴും അതു പരിഷ്കാരമായിരിക്കയില്ല) സ്വീകരിച്ചാൽ ഉടൻ അതങ്ങു എല്ലായിടത്തും പരക്കുകയായി. ഇങ്ങനെ പടൎന്നുപിടിക്കുന്നതു്, ഗുണത്തെക്കാൾ ദോഷം ഏറിനില്ക്കുന്ന പരിഷ്കാരങ്ങളാണെന്ന വസ്തുത പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

സ്ത്രീപുരുഷസമ്മിശ്രമായ അദ്ധ്യയനരൂപം ദോഷം ഏറിനില്ക്കുന്ന ഒരു പരിഷ്കാരമാണ്. ഇപ്പോൾ ലോകത്തിലെ മിക്ക കലാശാലകളിലും ഈ ദൂഷിച്ച ഏൎപ്പാടു നടപ്പിൽ വന്നിട്ടുണ്ട്. റഷ്യ

---

* ഇംഗ്ലീഷിൽനിന്നു.

യിലും ജമ്മനിയിലും മിക്കവാറും ഈ വ്യത്യാസത്തെ പരിഗണിച്ചിട്ടില്ലെന്നുതന്നെ പറയാം. കലാശാലാവിദ്യാഭ്യാസത്തിൽ, പരീക്ഷ എഴുതുന്ന ഘട്ടം അടുക്കുമ്പോൾ പ്രസവിക്കാൻപോകുന്ന വിദ്യാത്ഥിനികൾ ചില്ലറയല്ല. ജമ്മനിയിലെ ഒരു കലാലയത്തിൽ പരീക്ഷക്കാലംവന്നപ്പോൾ അതിലെ വിദ്യാത്ഥിനികൾ ഗർഭിണികളും പൂൎണ്ണഗർഭിണികളും ആയിരുന്നു. റഷ്യയിൽ വിദ്യാഭ്യാസം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ വിവാഹവും ഗർഭോല്പാദനവും പ്രസവവും ഒക്കെ നടക്കാറുണ്ട്.

ഈ അവസ്ഥയ്ക്കു കാരണമെന്ത്? സ്ത്രീകളെയും പുരുഷന്മാരെയും ഒന്നിച്ചു ഒരേ സമയത്തിരുത്തി വിദ്യാഭ്യസനംചെയ്യുന്നതാണിതിനു കാരണം. സാധാരണയായി താണക്ലാസ്സുകളിൽ ഈ അസന്മാർഗ്ഗികനടപടി ഉണ്ടാകാറില്ല. എന്തുകൊണ്ടെന്നാൽ താണക്ലാസ്സിലെ വിദ്യാത്ഥിനികൾ മിക്കവാറും ചെറുപ്പക്കാരായിരിക്കും. അഥവാ പ്രായമായവർ കുറച്ചോ മറേറാ ഉണ്ടായിരുന്നാൽതന്നെയും അവക്കു സ്വാതന്ത്ര്യമായി പുരുഷന്മാരോട്ട് ഇടപെടത്തക്ക ഒരു മനസ്ഥിതി വന്നിട്ടുണ്ടായിരിക്കയില്ല. എന്നാൽ കലാശാലകളിലെ സ്ഥിതി നേരെ മറിച്ചാണ്. വിദ്യാത്ഥികൾ പ്രായമായവരും, അധികഭാഗം വിവാഹം കഴിഞ്ഞവരുമായിരിക്കും. ഇവർ പരസ്പരം അസാന്മാർഗ്ഗികമായി അധഃപതിക്കുന്നു. അഭ്യസനത്തിനല്ല, അംഗവൎണ്ണനത്തിനാണ് അദ്ധ്യേതാക്കൾ സമയം ചെലവഴിക്കുന്നത്. പ്രഫസ്സർ പ്രസംഗിച്ചുകൊണ്ടുനിൽക്കും, ഒരു യന്ത്രംപോലെ!! വിദ്യാത്ഥികൾ അതു ശ്രദ്ധിക്കുന്ന ഭാവംനടിച്ചുകൊണ്ടു കണ്ണയയ്ക്കുയും കയ്യുകാണിക്കയുംചെയ്തുകൊണ്ടിരിക്കും. പ്രഫസ്സർ മിക്കവാറും ഇതു കണ്ടെന്നുവരത്തില്ല. ഒരു പക്ഷെ കണ്ടാലൊട്ടു മിണ്ടാറാം നിവൃത്തിയില്ല. പ്രഫസ്സർ എം. എ. കാർണി (Karney) പറയുന്നു:—"ഞാൻ തത്വശാസ്ത്രത്തെപ്പററി പ്രസംഗിച്ചുകൊണ്ടുനില്ക്കുകയായിരുന്നു. എന്നാൽ അദ്ധ്യേതാക്കളിൽ പലരും അതു ശ്രദ്ധിക്കുന്നില്ലെന്നു എനിക്കു തോന്നി. ഞാൻ എന്റെ പ്രസംഗം നിറുത്താതെതന്നെ അവരെ ശ്രദ്ധിച്ചപ്പോൾ കുറേനാൾക്കിടയിൽ അന്നുമാത്രം വന്നുചേന്ന ഒരു സ്ത്രീയുടെ അംഗവൎണ്ണനചെയ്യുന്നതിൽ അവരിൽ അധികഭാഗവും ഏപ്പെട്ടിരുന്നതായി കണ്ടു. സ്ത്രീകളോ പുരുഷന്മാരോ മാത്രമാണ് ആ മുറിയിൽ ഉണ്ടായിരുന്നതെങ്കിൽ ഈ അബദ്ധം വരികയില്ലായിരുന്നു'' ഇതേവിഷയത്തെപ്പററി സരസനായ ഒരു വിദ്യാത്ഥിതന്നെ ഇപ്രകാരം എഴുതിയിട്ടുണ്ട്. "ശരീരനിൎണ്ണയശാസ്ത്രത്തെ (Anotomy) പ്പററി..........എന്ന സ്ത്രീ പ്രഫസ്സർ പ്രസംഗിച്ചുകൊണ്ടിരുന്നു. എന്നാൽ ഞങ്ങ

ളെല്ലാം ആ സ്ത്രീയുടെ സൗന്ദൎയ്യത്തിൽ ആകൎഷിതരായി അവരെത്തന്നെ നോക്കിയിരുന്നു. ഒടുവിൽ അവർ ഏതോ ഒന്നു ചോദിച്ചപ്പോഴാണ ഞങ്ങൾക്ക പററിയ അബദ്ധം ബോദ്ധ്യപ്പെട്ടത്." കലാശാലകളിൽ സങ്കരവിദ്യാഭ്യാസം നടക്കുന്നതുനിമിത്തം, പ്രേമത്തിനോ, അഥവാ ഒരു വക മോഹത്തിനോ വഴിപ്പെട്ട ബുദ്ധിഭ്രമം (Intaxication) പിടിപെട്ടിട്ടുള്ള സ്ത്രീപുരുഷന്മാർ കുറച്ചൊന്നുമല്ല. അഭ്യസനശക്തി എപ്പോഴും ഒരാളിൽ ഉണ്ടായിവരുന്നതല്ല. പ്രായത്തിൻെറ വ്യത്യാസമനുസ്സരിച്ച് ചില അഭിഗ്രഹങ്ങൾ മനസ്സിൽ ഉൽഭൂതമായിക്കൊണ്ടിരിക്കും. ഇങ്ങനെയുള്ളവർ കലാശാലകളിൽ കടന്നുകൂടുമ്പോൾ, അവർ സ്ത്രീകളായാലും ശരി പുരുഷന്മാരായാലും ശരി അധഃപതിച്ചുതന്നെ പോകും.

മനുഷ്യസമുദായം ഈ അവസ്ഥയെക്കുറിച്ചു ശരിയായി ബോധിച്ചിരുന്നുവെങ്കിൽ സ്വഭാവദൂഷ്യത്തെ ഉണ്ടാക്കുന്ന ഈ ദൂഷിച്ച ഏൎപ്പാടു നിലനിൽക്കയില്ലായിരുന്നു. വിദ്യാൎത്ഥികൾ ജാസ്തിയായി അധഃപതിക്കുന്നതിനുകാരണം പ്രായമായവരുടെ ഇടയിലുള്ള സങ്കരവിദ്യാഭ്യാസമാകുന്നു.

സ്ത്രീകൾക്കും പുരുഷന്മാൎക്കും പ്രത്യേകം അഭ്യസനശാലകൾ ഉണ്ടാക്കുകയും അദ്ധ്യാപനത്തിലേക്കായി സ്ത്രീകൾക്കു സ്ത്രീകളെയും പുരുഷന്മാൎക്കു പുരുഷന്മാരെയും മാത്രം നിശ്ചയിക്കയും ചെയ്യുന്നതായാൽ, സമുദായദൂഷ്യം വമിച്ചുകൊണ്ടിരിക്കുന്ന സങ്കരവിദ്യാഭ്യാസദോഷംഇല്ലാതായിപ്പോകുന്നതാണ്. സ്വാതന്ത്ര്യേച്ഛ (Indepentence) സ്ത്രീകളിലും പുരുഷന്മാരിലും ഉണ്ടാകുന്നതാണ്. അതു കലാശാലയെന്നോ വീടെന്നോ ഉള്ള പരിധിയിൽ അടങ്ങിനില്ക്കുന്നതല്ല. ആ സ്വാതന്ത്ര്യം, അതിൻെറ ലക്ഷ്യപ്രാപ്തിക്കു ബദ്ധപ്പെടുമ്പോൾ പ്രഫസ്സറോ, പ്രിൻസിപ്പാളോ ചില രൂൾകൊണ്ടുമാത്രം നിയന്ത്രിക്കുവാൻ ബദ്ധപ്പെടുന്നതു കേവലം വിഡ്ഢിത്തമാകുന്നു. ദമ്പതിമാരെപ്പോലുള്ള പെരുമാററം ഇന്നു അദ്ധ്യയനശാലകളിൽ നടക്കുന്നു. അദ്ധ്യേതാക്കൾ അദ്ധ്യാപകന്മാരുടെ മുഖത്തു നോക്കുന്നതിനെക്കാൾ തങ്ങളിൽ തങ്ങളിൽ സൗന്ദൎയ്യം നുകരുന്നതിൽ ആകാംക്ഷയുള്ളവരായിട്ടാണ് പ്രായേണ കണ്ടുവരാറുള്ളത്.

ലോകം ഇന്നു ബാഹ്യാഡംബരത്തിൽപെട്ടിരിക്കയാണ്. ഈ ആഡംബരഭ്രമം നശിപ്പിക്കാനായി എത്രയെത്ര സുവിശേഷങ്ങൾ (Gospel) ചെയ്താലും ഫലപ്പെടുന്നതല്ല. ഇങ്ങനെ ആഡംബരജീവികളായ മനുഷ്യരെ അവരുടെ താരുണ്യദശയിൽതന്നെ ഒന്നിച്ചിരുത്തി അദ്ധ്യാപനം നടത്തിയാൽ അതു ദോഷത്തെ, ഗുണത്തേക്കാളധികം ഉണ്ടാക്കുന്നതായിരിക്കും. പരീക്ഷയ്ക്കു പോകുന്നതിനുമു

മുതന്നെ പ്രസവത്തിനുപോകുന്ന ദുരവസ്ഥ വന്നുകൂട്ടുന്നതിനു കാരണം ഇതാണ്. ഇങ്ങനെയുള്ള അവസ്ഥ വരുമ്പോൾ മിക്കവാറും ഭ്രൂണഹത്യയാണു പരിഹാരമായിട്ടുവരുന്നത്. സുഖാനുഭവം സ്ത്രീക്കും പുരുഷനും ഒന്നുപോലെയാണൊന്നുവരികിലും, ശിശുഹത്യയും തന്മൂലമുണ്ടാകുന്ന വേദനയും പാപം ഉണ്ടെങ്കിൽ അയത്തും കൂടുതലായി അനുഭവിക്കുന്നതു സ്ത്രീവിദ്യാൎത്ഥിമാത്രമാണ്. പുരുഷവിദ്യാൎത്ഥി ആ ഗർഭത്തിൻെറ കാരണക്കാരനും സുഖാനുഭവത്തിലേക്കു സ്ത്രീയെ പ്രേരിപ്പിച്ചവനും ആയിരിക്കാം. സുഖാനുഭവത്തോടുകൂടി അവൻെറ ബാദ്ധ്യത നശിച്ചുപോയതായി അവൻ വിചാരിക്കുന്നു. സാധുവായ വിദ്യാൎത്ഥിനി ലോകാപവാദവും പരന്ദയും രക്ഷാകൎത്താക്കളുടെ ശകാരവും പീഡനങ്ങളും ഒക്കെ സഹിച്ചു ഭ്രൂണഹത്യക്കു വശപ്പെടേണ്ടതായി വന്നുകൂട്ടുന്നു. നിധിക്കുപോയി കടംകൊണ്ടമട്ടിൽ, വിദ്യാഭ്യാസത്തിന്നുപോയി കുട്ടിയെ കിട്ടിയ ശേഷം മടങ്ങിപ്പോകുന്ന വിദ്യാൎത്ഥിനികളും ചില്ലറയല്ല. അതു ഭേദമെന്നുവയ്ക്കാം എന്നാൽ ഗർഭം അലസിപ്പിക്കുന്നതുമൂലം ഒരു സ്ത്രീയുടെ ശാരീരികമായ അവസ്ഥയ്ക്കു വളരെ ഭേദം വന്നുകൂട്ടുന്നു. അവളുടെ സൗന്ദൎയ്യം പോകുന്നു. ഞരമ്പുകൾ ക്ഷീണിക്കുന്നു. ആയുസ്സുതന്നെ കുറഞ്ഞുപോകുന്നു. ഇതിനൊക്കെ കാരണം സങ്കരരൂപത്തിലുള്ള വിദ്യാഭ്യാസമാണ്. സ്ത്രീക്കും പുരുഷനും പ്രത്യേകം കലാശാലകളും വിദ്യാഭ്യാസപദ്ധതികളും ഉണ്ടായിരുന്നെങ്കിൽ ഈ ദുരവസ്ഥവരികയില്ലായിരുന്നു.

ഇതെല്ലാം തമാശയാണൊന്നും വാസ്തവമായി നടക്കുന്നതല്ലെന്നും നിങ്ങൾ പറയുമായിരിക്കാം. ശരിതന്നെ! കണ്ണുതുറന്നു യുവജനത്തിൻെറ കലാശാലാവിദ്യാഭ്യാസപരിപാടിയിലൂടെ ലോകത്തെ ഒന്നു വീക്ഷിക്കുക. സങ്കരവിദ്യാഭ്യാസപദ്ധതിയെപ്പററി ചിന്തിക്കുക. അനേകം പ്രഖ്യസ്സരന്മാരുടെ സ്വതന്ത്രാഭിപ്രായങ്ങളെ ശ്രദ്ധിക്കുക. പിന്നീടുമാത്രം ഇതിനെ വകവച്ചാൽ മതിയാവും.

സങ്കരമായിട്ടുള്ള അദ്ധ്യാപനവും ശരിയായിട്ടുള്ളതല്ല. അദ്ധ്യാപകർ ഏറിയകൂറും നല്ല വേഷത്തിൽ നടക്കുന്നവരാകയാൽ അവർ തങ്ങളിൽ അധഃപതിക്കാൻ ഇടയുണ്ട്. ഇപ്പോൾ അദ്ധ്യാപനത്തിലേക്കായി സ്ത്രീപുരുഷവ്യത്യാസംകൂടാതെ നിയമിക്കുന്ന ഏൎപ്പാടു പലേടത്തും നടപ്പിൽ വന്നിട്ടുണ്ട്. അവിടെ വിദ്യാൎത്ഥികൾക്കു പററുന്നതരത്തിലല്ലെങ്കിലും സാന്മാൎഗ്ഗികദൂഷ്യം വന്നുചേരുന്നുണ്ട്. അദ്ധ്യാപകർ — സ്ത്രീകളും പുരുഷന്മാരും — ഏറിയകൂറും വിവാഹിതരായിരിക്കും. സ്ത്രീകൾ വിവാഹിതരായിരിക്കുമ്പോൾ ഭ്രൂണഹത്യയുടെ ആവശ്യം ഉണ്ടാകുന്നതുമല്ലല്ലോ.

സങ്കരാദ്ധ്യാപനരീതിയുടെ മറെറാരുദൂഷ്യം അദ്ധ്യാപകനും വിദ്യാത്ഥിയും തമ്മിൽ അസാന്മാർഗ്ഗികനടപടികൾ നടക്കുന്നു എന്നുള്ളതാണ്. ഇതു സാധാരണയായി മേൽത്തരം ക്ലാസ്സുകളിലും കലാശാലകളിലും ഒക്കെ നടക്കുന്നു. ഈ നടപടിക്കുകാരണം അദ്ധ്യേതാവിനെക്കാൾ അദ്ധ്യാപകനാണ്. അദ്ധ്യാപകൻ അയാളുടെ കാൎയ്യം കാണുവാൻവേണ്ടി വിദ്യാത്ഥിനിയെ പലവിധത്തിൽ സഹായിക്കും. മാക്കുകൂട്ടിക്കൊടുക്കയോ അദ്ധ്യയനസമയത്തു കൂടുതൽ സൗകൎയ്യങ്ങൾ ഒക്കെ ഉണ്ടാക്കിക്കൊടുക്കയോ ചെയ്യുന്നതാണു ഈ നടപടിക്കുകാരണം. വിദ്യാത്ഥിനി ഈ വലയിൽപെട്ടു അവളുടെ ചാരിത്രത്തെ നശിപ്പിക്കുന്നു. ഇങ്ങനെ നശിച്ചതായ പ്രൊഫസ്സർമാരും വിദ്യാത്ഥിനികളും വളരെയുണ്ടുതാനും.

ലോകത്തിലെ ഇന്നത്തെ സാമുദായികനിയമങ്ങളെ റദ്ദ്ചെയ്തു നവീനമായ വല്ല പരിപാടിയും സ്വീകരിക്കുന്നതുവരെ സങ്കരമായ അദ്ധ്യാപനമോ അഭ്യസനമോ ഒന്നുംതന്നെ നടത്തുവാൻ പാടില്ല. ഇതിനു വിപരീതമായി നടത്തുന്നതുകൊണ്ടത്രേ മേൽപറഞ്ഞ ദൂഷ്യങ്ങളുത്ഭവം വരുന്നതു്. സങ്കരവിദ്യാഭ്യാസത്തിൻെറ ദൂഷ്യങ്ങളെ എടുത്തുപറയുന്നവരെല്ലാം വെറും യാഥാസ്ഥിതികരെന്നാണ് ഇന്നു ലോകം വച്ചിരിക്കുന്നതു്. ആ പദ്ധതിയുടെ ന്യൂനമാത്രഗുണങ്ങളെ അളവറ്റാളും കീൎത്തിക്കുന്നവർ ഈ വക ദോഷങ്ങളെക്കൂടി ശ്രദ്ധിക്കുന്നതു മനുഷ്യസമുദായത്തിൻെറ ഭാവിയിലുള്ള പുരോഗതിക്കു അത്യന്താപേക്ഷിതമാണെന്നു മാത്രം പറയുന്നു.

---

## ഒരു നക്ഷത്രം

(പറവൂർ, പി. ഗോവിന്ദപ്പിള്ള.)

(മാകന്ദമഞ്ജരി)

ആദിത്യനസ്താചലത്തിലണഞ്ഞിരുൾ
മേദിനിതന്നെഗ്രസിച്ചീടുമ്പോൾ
ദൂരെയങ്ങാകാശദേശവിളങ്ങുന്ന
താരമേ! വൈദ്യുതദീപംപോൽനീ.
ആരാവാം നിൻസ്രഷ്ടാ,വാശില്പിതൻകര
താരിൻമഹത്വം നിസ്തുല്യമത്രെ!
നിന്നെച്ചമച്ചതുകൈകളാൽതന്നല്ലീ
മന്നിടേസൃഷ്ടിക്കപ്പെട്ടതെല്ലാം?

വിണ്ണോർനാഥൻ തൻമകുടേപതിച്ചശ്രീ
തങ്ങും നൽവൈഡൂര്യരത്നമോനീ?
വൃന്ദാവനത്തിൽ ചരിപ്പോരുഖദ്യോത-
ബന്ധുരമാവാം നിസ്സന്ദേഹംനീ.
അല്ലായ്കിലുർവ്വശി, രംഭാപ്രഭൃതിക-
ളുല്ലാസരായിന്ദ്രസന്നിധിയിൽ
നൃത്തനമാട്ടംപൊഴുതേതൊവാർകുന്തൽ-
ക്കെട്ടഴിഞ്ഞിങ്ങുപതിച്ചമുത്തോ?
സന്താനശാഖിതൻ ശാഖനിതാന്തമ-
ത്യന്തുംഫലമോ? അല്ലല്ലപാക്കിൽ
വിണ്ണിൻമണിതൻനിയോഗാൽ നഭസ്സിങ്കൽ
വിണ്ണോർനാഥൻവെച്ചദീപമാവാം.
നിന്നിലസൂയമുഴുത്തുനിൻദീപ്തിയെ
നന്നേയാച്ഛാദിക്കും നീരദംതാൻ
നിൻപരിപന്ഥി: അല്ലാതിജ്ജഗത്ത്രയേ
അൻപററ ദ്വിവൃത്തിക്കാരുപാർത്താൽ!
എങ്ങുമരുണാഭമേന്തുമമ്പാളംബരേ
ഭംഗ്യാവിടരും പ്രസൂനമേ! നിൻ
മാധ്വീരസംനുകർന്നാനന്ദമാർന്നീടാൻ
സാദ്ധ്യമായ്വന്നിതോ ഭൃംഗങ്ങൾക്ക്?
നിശ്ചയംനിന്മധുവേകിനീ വൈകല്യ-
മിച്ഛിപ്പവളല്ല ച്ഛിച്ചമില്ല.
എന്തിത്രനിത്യവും സൂക്ഷിച്ചുവീക്ഷിപ്പാൻ
ബന്ധു?മിബന്ധുരധാത്രിയെനീ
അത്രനിന്നാവാസഗേഹമതാക്കാൻ നിൻ
ചിത്തത്തിലാകാംക്ഷയുണ്ടെന്നാകിൽ
കഷ്ടമതെന്നേകഥിക്കേണ്ടൂ; വിഷ്ടപം
നഷ്ടമാം: വ്യാമോഹം നന്നല്ലാക്കും.
സ്തുത്യർഹമാം തവ ജീവിതചര്യ,സൽ-
കൃത്യാനുഷ്ഠാനത്തിലഗ്രഗണ്യ!
ജാരനും ചോരനുമൊന്നുപോലേകുന്നു
താരമേ നീതവതേജഃപുഞ്ജം.
എത്രയോപാന്ഥർ പുകഴ്ത്തീടുന്നുജ്ജ്വല-
കീർത്തേ! സഹർഷം നിട്ടിങ്കൽനിന്നെ
എത്രയുമൌദാര്യമേലുന്നോരന്ന്യൂനം
കീർത്തികൈയേന്തുവതത്ഭുതമോ!

വേണ്ട, തുടരേണ്ട, മാഹാത്മ്യമിന്നതേ
വേണ്ടോളമോതാനശക്യമെന്നാൽ.
നീദൃഢമത്ഭുതസൃഷ്ടിവഹിപ്പവൾ
മാദൃശക്കാദർശയോഗ്യയായോൾ
എന്നുമിതുപോൽലസിപ്പാനായ് നിന്നെഞാ-
നന്നിദ്രമോദാൽ നമിച്ചീടുന്നേൻ.

---

ചാത്തുക്കുട്ടിവൈദ്യരുടെ

## വിഷൂചികാസംഹാരി.

(പിൽകൊ) (Cholera Spcific)

എന്ന നടപ്പുദീനത്തിനുള്ള സിദ്ധൌഷധം ചുരുങ്ങിയതു രണ്ടു ജീവനെ രക്ഷിപ്പാൻ മതിയായ ഒരു ഡപ്പിക്ക് വില 1 ക. മാത്രം.

**ഉഷ്ണരോഗനാശനതൈലം.**

ഉഷ്ണപ്പുണ്ണ്, അസ്ഥിസ്രാവം, ഒടിക്കുരു, ശുക്ലസ്രാവം മുതലായ എല്ലാതരം ഉഷ്ണരോഗങ്ങൾക്കും കൈകണ്ട ഒരു മരുന്ന്. 8 ഔൺസ് അടങ്ങിയ ഒരു കുപ്പിക്ക് വില 2 ക. 8 ണ. മാത്രം.

കൂടാതെ എല്ലാവിധ ഔഷധങ്ങളും എത്രയും വിശേഷപ്പെട്ട രീതിയിൽ ഇവിടെ വില്പാൻ തയ്യാറുണ്ട്. ആവശ്യപ്പെട്ടെഴുതിയാൽ വിലവിവരപ്പട്ടിക വിലകൂടാതെ അയച്ചുകൊടുക്കുന്നതാണ്.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ഡോക്ടർ, കെ. വി. കൃഷ്ണൻ,
ധർമ്മവൈദ്യശാല, കല്ലായി—മലബാർ.

or

ബാൽസി കമ്പനി, മരുന്നുഷാപ്പ്, കോഴിക്കോട്.

# ആരോഗ്യപംക്തി.

---

I

## ശുശ്രൂഷ.

(M. Gopinath, M. C. W. B.,)

സ്ത്രീകൾ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളിൽ ഒന്നാണ് ശുശ്രൂഷ. (Nursing) ഒരു സ്ത്രീയുടെ ജീവിതകാലത്ത് ഏതെങ്കിലും ഒരവസരത്തിൽ അവർ സുഖക്കേടുകാരൻെറ ശയ്യയ്ക്കു സമീപം ഇരുന്നു ശുശ്രൂഷിക്കേണ്ടതായ ചുമതല വന്നുചേരുന്നതാണ്. അതുപോലെതന്നെ ആശുപത്രികളിലും ശുശ്രൂഷ ചെയ്യുന്നതിൽ അവർ പ്രത്യേകം പഠിച്ചിരിക്കേണ്ടതാണ്. ഒരു നർസിന് അത്യാവശ്യമായി വേണ്ടത് സൽസ്വഭാവം, മുൻകോപമില്ലായ്മ, സുഖക്കേടുകാരോടുള്ള ദയയായ പെരുമാററം, വണക്കത്തോടുകൂടിയ നടത്ത, ഏതൊരു സംഗതിയും ഭംഗിയായും കണിശത്തിനും ചെയ്യുന്നതിനുള്ള കെല്പ്, ശുചിത്വം ഇവയാണ്. രോഗിയെ സുഖക്കേടിൽനിന്നും കരകേററുന്നതിനുള്ള ആഗ്രഹം അവളിൽ മുന്നിട്ടുനിൽക്കേണ്ടതും. ഇപ്രകാരമുള്ള ആശ അവളെ രോഗമുറിയോടു തോന്നാവുന്ന പല വെറുപ്പുകളിൽനിന്നും അകററിനിറുത്തുന്നതും ആകുന്നു.

ഒരു ഭവനത്തിൽ അപകടനിലയിൽ ഒരാൾ രോഗശയ്യയെ അവലംബിച്ചിരിക്കുന്നു എന്നിരിക്കട്ടെ. ഇപ്രകാരമുള്ള ഒരവസ്ഥയിൽ ഭവനാംഗങ്ങളെക്കൊണ്ടു ശുശ്രൂഷ ശരിയാംവണ്ണം തൃപ്തികരമായ വിധത്തിൽ ചെയ്തുതീക്കുന്നതിന്നു സാധിച്ചു എന്നു വരുന്നതല്ല. ഈ അവസ്ഥയിൽ ആശുപത്രിയിൽനിന്നും ഒരു ഗവമ്മെൻറു നർസിനെ പരിചയ്യയ്ക്കു ഉദ്യോഗിക്കുന്നതു നന്നാണ്.

സുഖക്കേടിൻെറ ആരംഭകാലത്ത് അതായത്തു സുഖക്കേടിൻെറ സ്വഭാവ (Symptoms)മോ അതെന്താണെന്നുള്ള വിവര (Diagrosis)മോ മനസ്സിലാ ാത്ത സമയത്ത്, ആകാംക്ഷയും സംശയവും ഭവനാംഗങ്ങളിൽ കടന്നുകൂടുന്ന ആ അവസരത്തിൽതന്നെസുഖക്കേടുമുറി വളരെ ശുചിയായും വെടിപ്പായും സൂക്ഷിക്കേണ്ടത്ത് അവശ്യമാണ്. സുഖക്കേടുമുറിയിൽ ധാരാളം വായുസഞ്ചാരമുണ്ടായിരിക്കണം. എന്നാൽ രോഗിക്കു തണുപ്പു തട്ടാത്തവിധം പു

തപ്പുകൊണ്ടു മൂടിയിരിക്കുകയുംവേണം. ക്ഷമാശീലം ഉള്ളവരായിരിക്കണം രോഗിയുടെ സമീപത്ത് എപ്പോഴും ഉണ്ടായിരിക്കേണ്ടത്. ഒരു ഡാക്ടരെ ആദ്യമേതന്നെ വിളിച്ചുകാണിക്കുന്നത് ഏററവും നന്നാണ്.

## രോഗമുറി.

വലിയ കാററുള്ള മുറികളിൽ കിടത്തരുത്. എന്നാൽ വാതായനങ്ങളുടെ മുകളിലത്തെ പാളിയിൽനിന്നും കാററു വരുന്നതിനു സൌകൎയ്യമുണ്ടാക്കിയിരിക്കണം. ധാരാളമായി വായുസഞ്ചാരമുള്ള മുറയുടെ മദ്ധ്യത്തിലായിരിക്കണം രോഗശയ്യയുടെ സ്ഥിതി. അടുക്കളയിൽനിന്നും പുക മുതലായതു രോഗിയുടെ മുറിയിൽ പ്രവേശിപ്പിക്കുന്നതിനു സമ്മതിക്കരുത് മുറിയിലെ തറ എപ്പോഴും വൃത്തിയായി വെച്ചിരിക്കണം അശുപത്രിയിൽനിന്നും ലഭിക്കാവുന്ന (P e:yl) എന്ന തൈലം തറ തുടയ്ക്കുന്നതിന്ന് ഉപയോഗിക്കുന്നതു നന്നാണ്. രോഗിക്ക് ഉപയോഗിക്കുവാൻ നൽകുന്ന പാത്രങ്ങൾ ഉപയോഗാനന്തരം വൃത്തിയാക്കി വയ്ക്കേണ്ടതാണ്. രോഗിയുടെ കഫം, തുപ്പൽ, മൂത്രം ആദിയായവ ഉടനുടൻ കുഴിച്ചുമൂടേണ്ടതാണ്.

## നിശ്ശബ്ദത.

നിശ്ശബ്ദത മുറിയിൽ അനുഷ്ഠിക്കേണ്ടതാണ്. അധികസംസാരം, രോഗിയെക്കൊണ്ടു സംസാരിപ്പിക്കുക, നുണ പറയുക, അന്യോന്യം ആളുകൾ തമ്മിൽ പതുക്കെ സംസാരിക്കുക ഇവ രോഗിയുടെ മുമ്പിൽവച്ചു ചെയ്യുവാൻ പാടില്ലാത്തതാണ്. "കുശുകുശു"ക്കുന്നതു രോഗിക്കു തന്നെപ്പററിയും തൻെറ സുഖക്കേടിനെപ്പററിയും വളരെ കാൎയ്യഗൌരവമായവിധത്തിൽ ആളുകൾ സംസാരിക്കുകയാണെന്നു തോന്നിപ്പിക്കുകയും ചെവികൊടുത്ത് അപ്രകാരമുള്ള സംസാരങ്ങൾ ശ്രവിക്കുന്നതിന്നു ശ്രമിക്കുകയും ചെയ്യും. ഇതു പനിയുള്ളപക്ഷം അതു വൎദ്ധിപ്പിക്കുന്നതിന്നു മതിയായ ഒരു കാരണമായിത്തീൎന്നേയ്ക്കാം. സംസാരിക്കണമെന്ന് അത്യാവശ്യമുള്ളപക്ഷം അത് ഉറക്കെ ആകാവുന്നതാണു നന്ന്. രോഗിയെപ്പററി നന്നായോ ചീത്തയായോ ഉള്ള സംസാരവും അയാളുടെ സുഖക്കേടിനെപ്പററിയുള്ള വിവരണങ്ങളും രോഗിയുടെ മുന്നിൽ ത്യജിക്കേണ്ടതാണ്. അധികമായ സാമാനങ്ങൾ, പെട്ടികൾ, കസേര ആദിയായവകൾ മുറിയിൽനിന്നും മാററണ്ടതും തടപാരാ മുറി അടിച്ചു വൃത്തിയാക്കുന്നതിന്നു കൂടുതൽ സൌകൎയ്യവും സമയലാഭവും പ്രദാനം ചെയ്യുന്നതും ആകുന്നു. മരുന്ന്, രോഗിക്കുള്ള ആഹാരപദാൎത്ഥങ്ങൾ

ഇവ രോഗമുറിക്കടുത്തു വേറൊരു മുറിയിൽ ആയിരിക്കണം. ഇവിടെ നർസിന് ആഹാരപദാൎത്ഥങ്ങൾ ഉണ്ടാക്കുന്നതിന്നുംമറ്റും സൗകൎയ്യവും രോഗിക്ക് ഉപദ്രവം തോന്നാതിരിക്കുന്നതുമാണ്. ഉറങ്ങുന്ന അവസരത്തിൽ രോഗിയെ ശബ്ദമുണ്ടാക്കി ഉണൎത്തരുത്. അപ്രകാരംതന്നെ പെട്ടെന്ന് വിചാരിച്ചിരിക്കാതെ വിളിക്കുന്നതും നന്നല്ല. നർസിനെ കാണത്തക്കവിധം അവർ രോഗമുറിയിൽ ഇരിക്കേണ്ടതും രോഗിയെ നർസിനെ വിളിക്കുന്നതിനുപോലും സമ്മതിപ്പിക്കാൻ പാടില്ലാത്തതുമാകുന്നു. മലമൂത്രവിസൎജ്ജനം മുതലായവ കഴിഞ്ഞും ദിവസം രാവിലെയും വൈകുന്നേരവും ശയ്യവിരിപ്പുകൾ മാറേറണ്ടത് ആവശ്യമാണ്. കാൽ ഒടിഞ്ഞ ഒരു രോഗിയെ വീതി കുറഞ്ഞതും നീളം കൂടിയതുമായ ഒരു ശയ്യയിൽ കിടത്തിപ്പിക്കേണ്ടത് ആ രോഗിയെ ഒരു മുറിയിൽനിന്നും മറെറാരു മുറിയിലേക്കു മാററുന്നതിന്നു കൂടുതൽ സഹായിക്കുന്നതാണ്.

---

## ചിന്താവിഷ്ടയായ കന്യക.

---

(റിട്ടോൻ, കെ. നീലകണ്ഠൻ, T. മലയാറെർ.)

(മഞ്ജരി.)

അംബരവെൺപട്ടിലാകെ നിരത്തിയ
നിൎമ്മലതാരസമൂഹമെല്ലാം
മങ്ങി, മയങ്ങി മറഞ്ഞു മുഴുമതി-
യങ്ങിതാ ഭാനുമാൻ മന്ദമന്ദം.
പൊങ്ങുന്നുഷസ്സിൻ്റെ ശ്രീയുലകന്നുത്താലയ-
മെങ്ങും വെടിപ്പായടിച്ചുവാരി
മന്ദസമീരൻ തുഷാരബിന്ദുക്കളാൽ
ചെമ്മേ തളിച്ചു സംശുദ്ധിചെയ്തു.
"പുഷ്പം സുരഭിലം നിഷ്കുടവേദിയിൽ
ശഷ്പവിരിപ്പിൽ സമസ്തദിക്കിൽ
അൎപ്പിച്ചിട്ടുന്ന ലതകളെന്നാകിലും
അക്ഷിക്കു ലക്ഷ്യമാകാതതൊന്നും.
മ്ലാനമാമാസ്യം കുറഞ്ഞൊന്നുയൎത്തിയും
ദീധിതി തൂകുമക്കൺമിഴിച്ചും,

ചിന്താജ്ജലധിയിലാണ്ടുതൻമുന്നിലെ-
ന്തെന്തുനടക്കുന്നുവെന്നുപോലും,
കഷ്ടം! അറിയാതിരിക്കുമക്കന്യകാ-
ചിത്തമെവിടത്തിലായിരിക്കാം?"

* * *

ബന്ധുരകുന്തളബന്ധമൂൻംവാമ-
കന്ധരദേശമതിക്രമിച്ചും,
മാറത്തണഞ്ഞു, സ്മരനെ രോധിക്കുവാ-
നായിട്ടിറങ്ങിയതായിരിക്കാം.
അല്ലെങ്കിലെന്തിനായീടാമദൃക്ഷീണ-
ഹസ്തം ഹനുവിനു താങ്ങിടുവാൻ?
ഭാരമതുയ്യ ശിരസ്സിനുണ്ടാകയീ-
ത്താരുണ്യയുക്തബലിഷ്ഠയല്ലാ,
കുച്ചിവിതസ്തരജാനുവാലാസ്തനം
മൂട്ടുകയെന്നുള്ളതായിരിക്കാം,
ഓൎക്കുംസ്മരൻവെറുംകുട്ടിയായ്, അശ്രുഗ
ലാക്കിലാക്കാതെയൊഴിഞ്ഞുപോകാം,
മ്ലാനതയെന്തീമുഖത്തുപടരുവാൻ
ദീനതയ്ക്കെന്തവകാശമിപ്പോഠം?
ശാരദപാൎവ്വണചന്ദ്രനിൽ കേറുവാൻ
കാറിനുണ്ടോതരം കാലഭേദാൽ?
ഉൾഫുല്ലചമ്പകപുഷ്പത്തെത്തീണ്ടുവാൻ
ശക്തിയുണ്ടോ ദ ചിരേഫത്തിനെങ്ങാൻ?
ലോകഗതിക്കുവിപരീതമീവിധം
കാണുവാനെന്തൊരു കാൎയ്യസാരം?

* * *

കാമുകനാമൊരു കല്പദ്രുമത്തിൽതൻ
ജീവിതവല്ലി പടൎത്തുവാനായ്,
അശിച്ചുറച്ചു വിധിവൈപരീത്യത്താൽ
താതനറിഞ്ഞതു വേർപെടുത്തി.
കാരസ്കരത്തിൽ കയറുവാനായ്ത്തുനി-
ഞ്ഞാലോലചിത്തൻ ദുരഭിമാനാൽ
ആധിമുഴുത്തവളച്ചനിദുഃഖാങ്ക-
നാടകം കാണുവാൻ മോഹമെങ്കിൽ
സാധിക്കയില്ലെന്നുരച്ചനേരം ദേഹ-
പീഡയ്ക്കധീനയായ്ത്തീൎന്നശേഷം

ആശ്ച്രിരിപ്പൊരജ്ജീവിതയാത്രയോ
ആയുർവ്വിനാശമോ ചിന്തിയ്ക്കയാം.

*　　　*　　　*

മൂഢപ്പിതാക്കളേ! ദുഷ്ടപ്പുഴുക്കളേ!
ആണത്തമെന്നതറിയാത്തോരേ!
ആകാത്തമോഹത്തിലാണ്ടുതൻമക്കളെ
കാരാഗൃഹത്തിലടയ്ക്കയെന്നോ?
രാഗമാംപീയൂഷവാഹിനിതൻഗതി
രോധിച്ചിട്ടുവാനണവണിയാൻ
സാധിക്കയില്ലതിനാശിപ്പതെന്തൊരു-
സാഹസം, ജീവിതം തുച്ഛമെന്നോ?

---

## ആയുര്വ്വേദം.

---

(തുടച്ച)

(എം. എം. തമ്പി, മുതുകുളം.)

ഇതിൽ സ്വാസ്ഥ്യചര്യയ്ക്കാണു പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. രോഗംവന്നതിനുമേൽ പരിഹാരമാർഗ്ഗങ്ങളാരായുന്നതിനേക്കാൾ രോഗംവരാതെ സൂക്ഷിക്കുന്നതാണുത്തമം. "പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പർശനംവരം" എന്നാണഭിജ്ഞവചനം. ഇനിയും ഓരോ ചര്യകളെപ്പററിയും വിവരിക്കുന്നു.

**ദിനചര്യ.** നിത്യാനുഷ്ഠേയങ്ങളായ ശരീരധർമ്മങ്ങളേയും ആരോഗ്യത്തിൻെറ സ്ഥിരീകരണത്തിന്നത്യന്താപേക്ഷിതങ്ങളായ സദാചാരമുറകളേയും വിവരിക്കുന്നതു്.

**രാത്രിചര്യ.** ഇതിൽ ദാമ്പത്യമുറകളെ അധികമായി പ്രതിപാദിച്ചിരിക്കുന്നു.

**ഋതുചര്യ.** ഋതുഭേദം(കാലവ്യത്യാസം)കൊണ്ടു ശരീരത്തിനുണ്ടാകാവുന്ന ഭാവഭേദങ്ങളേയും തന്നിമിത്തമുണ്ടാകുന്ന വൈഷമ്യങ്ങളേയും തൽപരിഹാരമാർഗ്ഗങ്ങളേയും വിശദപ്പെടുത്തിയിരിക്കുന്നു.

**മാനുഷി.** ഔഷധചികിത്സാവിധികളെ വിവരിക്കുന്നു.

ദൈവി. ജപം ഹോമം മുതലായവകളാൽ രോഗശമനത്തിന്നുള്ള സമ്പ്രദായങ്ങളെ വിവരിക്കുന്നതു്. (ആശ്ചര്യകരമായ തപശ്ചര്യകൊണ്ടും യോഗാഭ്യാസംകൊണ്ടും സ്വമനസ്സിനെ വശത്താക്കി മനശ്ശക്തി പ്രയോഗിച്ചു രോഗം ശമിപ്പിക്കുന്നതിനുള്ള സമ്പ്രദായം.) ഈ ദൈവീസമ്പ്രദായം ഒരുകാലത്തു ഭാരതീയരുടെ ദൃഢവിശ്വാസത്തിൽ ഇരുന്നിരുന്നു. ഇപ്പോൾ പാശ്ചാത്യവാദശക്തിപ്രവാഹത്തിൽപെട്ടു് അവരുടെ അവഹേളനഗർത്തത്തിൽ പതിച്ചു് മിക്കവാറും ലീനമായി പര്യവസാനിച്ചിരിക്കയാണു്. മെസ്മരിസത്തിന്റെ പ്രചാരത്തോടുകൂടി വീണ്ടും വിശ്വാസം അങ്കുരിക്കാൻ തുടങ്ങിയിട്ടുണ്ടു്. ഇപ്രകാരം സ്വസ്ഥാതുരചര്യാത്മകമായ ആയുർവ്വേദത്തെ ഹേതു, ലിംഗം, സ്കന്ധം എന്നിങ്ങനെ മൂന്നു സ്കന്ധങ്ങൾകൊണ്ടു വീണ്ടും വിഭജിച്ചിരിക്കുന്നു. ഇതിൽ നിദാനം ഹേതുവും ലിംഗം രോഗവും, ചികിത്സാകരണം ഔഷധവുമാകുന്നു. ധാതുദോഷമലസമുദായാത്മകമായ ശരീരത്തിന്നു് രണ്ടു വകഭേദങ്ങൾ ഉണ്ടു്. അവ സ്ഥൂലം, സൂക്ഷ്മം ഇങ്ങനെ രണ്ടുതരം. ഇതിൽ വാതാദിദോഷങ്ങൾ സ്ഥൂലശരീരത്തെയും കാമക്രോധാദികൾ സൂക്ഷ്മശരീരത്തെയും വ്യാപിച്ചു ദൂഷിപ്പിക്കുന്നതിനാൽ രോഗത്തിന്നു് ആറു കാരണങ്ങൾ ഉണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഹേത്വാദിസ്കന്ധങ്ങൾക്കുപുറമേ ആയുർവ്വേദത്തെ എട്ടംഗങ്ങളാക്കി വിഭജിച്ചിരിക്കുന്നു. അവ 1. ശല്യം 2. ശലാക്യം 3. കായചികിത്സ 4. ഭൂതവിദ്യ 5. കൌമാരഭൃത്യ 6. അഗദതന്ത്രം 7. രസായനം 8. വാജീകരണം.

1. ശല്യം. ശസ്ത്രക്രിയകളും പ്രജയെടുക്കുന്ന സമ്പ്രദായങ്ങളും ഇതിൽ വിവരിച്ചിരിക്കുന്നു. ധന്വന്തരി സുശ്രുതാദികൾ ഏതൽസംബന്ധമായി 11 തന്ത്രങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അവ,

1. ഔപധേനതന്ത്രം 2. ഔരഭ്രതന്ത്രം 3. സൌശ്രുതതന്ത്രം 4. പുഷ്കലാവതതന്ത്രം 5. വൈതരണതന്ത്രം 6. ഭോജതന്ത്രം 7. കരവീര്യതന്ത്രം 8. ഗോപുരരക്ഷിതതന്ത്രം 9. ഭാലുകിതന്ത്രം 10. കപിലതന്ത്രം 11. ഗൌതമതന്ത്രം.

ശലാക്യം. ശലാകയെ സംബന്ധിച്ച എല്ലാ വിഷയങ്ങളും ഇതിൽ വിശദീകരിച്ചിരിക്കുന്നു. (കഴുത്തിന്നു മേലുള്ള എല്ലാവിധ വ്യാധികളെയുംപററി വിവരിക്കുന്നതു്) നിമികാങ്കായനാദികൾ ഇതിന്റെ പ്രധാന തന്ത്രകാരകന്മാരാകുന്നു. പ്രധാന തന്ത്രകാരകനായ വിദേഹൻ ജനകമഹാരാജാവാകുന്നു. നിമിയും ജനകമഹാരാജാവും ഒരാളാണെന്നും ചിലർക്കഭിപ്രായമുണ്ടു്. നിമിത

ന്ത്രവും വിദേഹതന്ത്രവും പ്രത്യേകം പ്രത്യേകം കാണുന്നതുകൊണ്ട് വിദേഹനെന്നതു സുപ്രസിദ്ധനായ ജനകമഹാരാജാവും നിമിവംശസംഭവനായ മറ്റൊരു മഹാരാജാവും ആയിരിക്കാമെന്നൂഹിക്കാം. തൽസംബന്ധമായി താഴെക്കാണുന്ന ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുള്ളതാകുന്നു.

1. വിദേഹതന്ത്രം. 2. നിമിതന്ത്രം. 3. കാങ്കായനതന്ത്രം. 4. ഗാൎഗ്ഗ്യതന്ത്രം. 5. ഗാലവതന്ത്രം. 6. സാത്യകിതന്ത്രം. 7. ശൌനകതന്ത്രം. 8. കരാളതന്ത്രം. 9. ചക്ഷുഷ്യതന്ത്രം. 10. കൃഷ്ണാത്രേയതന്ത്രം.

3. **കായചികിത്സ.** ഇതു രണ്ടുതരം. 1. ശരീരത്തെ സംബന്ധിച്ച ചികിത്സ. 2. അഗ്നിയെ (ജഠരാഗ്നിയെ) സംബന്ധിച്ച ചികിത്സ. എന്നിങ്ങനെ; ഇതുസംബന്ധമായി രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ.

1. അഗ്നിവേശസംഹിത. 2. ഭേല(ള)സംഹിത. 3. ജാതുകൎണ്ണസംഹിത. 4. പരാശരസംഹിത. 5. ക്ഷാരപാണിസംഹിത. 6. ഹാരീതസംഹിത. 7. ഖരനാദസംഹിത. 8. വിശ്വാമിത്രസംഹിത. 9. അഗസ്ത്യസംഹിത. 10. അത്രിസംഹിത. ഇതിന്റെ കൎത്താക്കൾ അഗ്നിവേശചരകാദികളാകുന്നു.

4. **ഭൂതവിദ്യ.** ഇതിൽ അപസ്മാരം ഉന്മാദം ഇവകളെ വിസ്തരിച്ചിരിക്കുന്നു. ഇതിന്റെ കൎത്താക്കൾ അഥൎവ്വാദികളാകുന്നു. ഏതൽസംബന്ധമായ ഗ്രന്ഥങ്ങൾ.

1. അഥൎവ്വവേദം. 2. ചരകത്തിൽ ഉന്മാദചികിത്സിതാദ്ധ്യായം. 3. സുശ്രുതത്തിൽ അമാനുഷപ്രതിഷേധാദ്ധ്യായം. 4. വാഗ്ഭടത്തിൽ ഭൂതവിജ്ഞാനീയാദ്ധ്യായം.

5. **കൌമാരഭൃത്യ.** ബാലചികിത്സാവിഷയം. കൎത്താക്കൾ ജീവകാദികൾ—ഗ്രന്ഥങ്ങൾ.

1. ജീവകതന്ത്രം. 2. പാൎവ്വതകതന്ത്രം. 3. ബന്ധകതന്ത്രം. 4. ഹിരണ്യാക്ഷതന്ത്രം.

6. **അംഗദവിദ്യ.** ഇതിൽ വിഷചികിത്സാവിധികളെ വിവരിക്കുന്നു. (സ്ഥാവരജംഗമവിഷങ്ങളേയും അതിന്റെ ചികിത്സാവിധികളേയും വിവരിക്കുന്നു.) ഗ്രന്ഥങ്ങൾ.

1. കാശ്യപസംഹിത. 2. അലംബായനസംഹിത. 3. ഉശനടുസംഹിത. 4. സനകസംഹിത. 5. ലാട്യായനസംഹിത. കാശ്യപാദികൾ ഇതിന്റെ നിൎമ്മാതാക്കന്മാരാണ്.

7. രസായനം. ദീൎഘായുസ്സിന്നുള്ള മാൎഗ്ഗങ്ങൾ. (ജരാനരവ്യാധികൾ കൂടാതെ ദീൎഘകാലം ജീവിച്ചിരിക്കുന്നതിനുള്ള വിധികൾ). ഇതിനെ ആൎഷം അനാൎഷം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. വനൌഷധികളെക്കൊണ്ടു ചികിത്സിക്കുന്നതിനെ ആൎഷം എന്നും ലോഹാദികളായ ധാതുജദ്രവ്യങ്ങളെക്കൊണ്ടു ചികിത്സിക്കുന്നതിനെ അനാൎഷം എന്നും പറയുന്നു. ഗ്രന്ഥങ്ങൾ.

1. പാതഞ്ജലതന്ത്രം. 2. വ്യാഡിതന്ത്രം. 3. വാസിഷ്ഠതന്ത്രം. 4. മാണ്ഡവ്യതന്ത്രം. 5. നാഗാൎജ്ജുനതന്ത്രം. ജീവകാദികൾ ഇതിന്റെ കൎത്താക്കളാകുന്നു.

8. വാജീകരണം. ശുക്ലധാതുവിന്റെ പ്രകൃത്യാ ഉള്ള കുറവ്, തത്കാരണങ്ങളെക്കൊണ്ടുള്ള ദോഷം (ക്ഷയചികിത്സകളും ഹൃദയോല്ലാസജനകത്തിന്നുള്ള വഴികളും.) ഗ്രന്ഥങ്ങൾ.

1. വാത്സ്യായനതന്ത്രം. 2. ഔദ്ദാലകിതന്ത്രം. 3. ബാഭ്രവ്യതന്ത്രം. 4. കുചുമാരതന്ത്രം. ഇതിന്റെ കൎത്താക്കൾ യവനാചാൎയ്യാദികളാകുന്നു.

ഇവയ്ക്കു പുറമേ മൃഗങ്ങളേയും വൃക്ഷങ്ങളേയും സംബന്ധിച്ച ചികിത്സകളും ഇതിൽ അടങ്ങിയിട്ടുണ്ട്. ആനയുടെ ചികിത്സയെ സംബന്ധിച്ചു പാലകാപ്യനും കുതിരകളെ സംബന്ധിച്ച് നകുലനും പശുക്കളുടെ ചികിത്സയെ സംബന്ധിച്ചു ഗൌതമനും ജയദത്തസൂരിയും വിസ്താരസമ്പൂൎണ്ണങ്ങളായ ഓരോ ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ട്. വൃക്ഷായുൎവ്വേദം പ്രചാരത്തിൽ കണ്ടുവരുന്നില്ല. മേൽപ്രസ്താവിച്ചതിൽ ഓരോ ദേശക്കാരും അവരവൎക്കിഷ്ടമുള്ള വൈദ്യസമ്പ്രദായങ്ങളെ സ്വീകരിച്ചു ചികിത്സകൾ നടത്തിവരുന്നു. ഉത്തരഇൻഡ്യയിൽ വൃദ്ധത്രയി (ചരകം, സുശ്രുതം, വാഗ്ഭടം ഇവ മൂന്നുംകൂടി ചേൎന്നത്) ലഘുത്രയി (മാധവനിദാനം, ശാൎങ്ഗധരസംഹിത, ഭാവപ്രകാശം) എന്നിവ പഠിപ്പിച്ചുവരുന്നു. വൃദ്ധത്രയി പഠിച്ചിട്ടുള്ള വൈദ്യനെ ഉത്തമവൈദ്യനെന്നും ലഘുത്രയി പഠിച്ചിട്ടുള്ള വൈദ്യനെ സാമാന്യ വൈദ്യനെന്നും ഗണിച്ചുവരുന്നു. തെലുങ്കു ദേശത്തു ബസവരാജീയം, ലോലുംബരാജീയം, വൈദ്യചിന്താമണി, സദ്വൈദ്യജീവനം എന്നിവ പഠിപ്പിച്ചുവരുന്നു. ഇതിൽ ബസവരാജീയത്തിന്നു മുഖ്യത്വം നൽകിവരുന്നു. തമിഴ്ദേശത്തു് അഗസ്ത്യർ അഞ്ഞൂർ, തേരേയർ മുന്നൂർ, ഭോഗർ നാ ർ, പുലിപ്പാണി ഐന്നൂര്, ഊഹമുനി അയിരം, രോമഷി എണ്ണൂർ, രാമദേവർ പെരിഷൽ, മത്സ്യമുനി എണ്ണൂർ. ഗോരക്കർ, വൈദ്യം, കരവൂരാർതിരുട്ടു്, ശിവജാലം, ഷൺമുഖ

ജാലം എന്നിവ പഠിപ്പിച്ചുവരുന്നു. സിലോണിൽ സാരസംക്ഷേപം, യോഗശതകം ഇവയും കേരളത്തിൽ സഹസ്രയോഗം, അഷ്ടാംഗഹൃദയം എന്നിവയും പഠിപ്പിച്ചുവരുന്നു. ഇപ്രകാരം ആയുർവ്വേദത്തെ സകല ജാതിമതക്കാരും സശ്രദ്ധം സ്വീകരിച്ച് അദ്ധ്യയനവിഷയമാക്കിവരുന്നുണ്ട്.

"ആയുഃകാമായമാനേന ധർമ്മാർത്ഥസുഖസാധനം
ആയുർവ്വേദോപദേശേഷു വിധേയഃ പരമാദരഃ"

എന്ന് അഷ്ടാംഗഹൃദയത്തിൽ പറഞ്ഞിരിക്കുന്നു. ആയുസ്സിനെ ഇച്ഛിക്കുന്നവർ ആയുർവ്വേദം ശ്രദ്ധാപുരസ്സരം പഠിക്കണം. ആയുസ്സ് എന്നു വച്ചാൽ "ഏതിസതതം ഗച്ഛതീത്യായുഃ'' (എപ്പോഴും ഗമിച്ച്—പൊയ്ക്കൊണ്ടിരിക്കുന്നതെന്ന്) അർത്ഥമാകുന്നു. ആയുസ്സില്ലാത്തവന്നു പുരുഷാർത്ഥങ്ങളെ സാധിപ്പാൻ പ്രയാസമാണ്. പുരുഷാർത്ഥങ്ങളിൽ 'സുഖം' പ്രധാനമായിട്ടുള്ളതാണ്. സുഖംതന്നെ ലൌകികം, അലൌകികം എന്നു രണ്ടുതരം. ലൌകികസുഖത്തിന്ന് ഐഹികം ആമുഷ്മികം എന്നു രണ്ടു പിരുവുകൾ ഉണ്ട്. ഭക്ഷണാദിസുഖത്തിന്ന് ഐഹികം എന്നും സ്വർഗ്ഗാദിസുഖത്തിന്ന് ആമുഷ്മികം എന്നും പറയപ്പെടുന്നു. മോക്ഷസുഖത്തിനെ അലൌകികസുഖമെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. എല്ലാ സുഖങ്ങളും ധർമ്മാർത്ഥസുഖസാധനമെന്നതിലെ സുഖശബ്ദംകൊണ്ടു ഗ്രഹിക്കേണ്ടതാണ്. അതിനാൽ കാമം, മോക്ഷം എന്നുള്ള പുരുഷാർത്ഥദ്വയം വൈദ്യശാസ്ത്രഫലമെന്നു സിദ്ധിച്ചു. ധർമ്മാർത്ഥങ്ങളും സുഖത്തിൻെറ പ്രധാന കാരണമാകയാൽ പുരുഷാർത്ഥത്തിൽ ഗണിക്കപ്പെടുന്നതുകൊണ്ട് പുരുഷാർത്ഥചതുഷ്ടയം വൈദ്യശാസ്ത്രാദ്ധ്യയനംകൊണ്ടും തദനുഷ്ഠാനംകൊണ്ടും സിദ്ധിക്കുമെന്നുള്ള ഉപരിവൈശിഷ്ട്യവും ആയുർവ്വേദത്തിന്നുതന്നെയാണെന്നുള്ളതാക്കും തന്നെ വിസമ്മതിക്കുവാൻ കഴിയുന്നതല്ല. ഇപ്രകാരം നാനാതേപന ഗുണഭൂയിഷ്ഠമായ ആയുർവ്വേദത്തിൻെറ ചുരുക്കമായ വിവരണം ഇവിടെ വിരമിപ്പിച്ചിട്ട് രോഗം, രോഗവിഭാഗം, ചികിത്സ, വൈദ്യൻ ആയുർവ്വേദത്തെപ്പററി വിദേശവിദ്വാന്മാരുടെ അഭിപ്രായം മുതലായവകളെ വിവരിച്ചുകൊള്ളുന്നു.

രോഗം. "രുജന്തീതിരോഗാഃ" അതായത്, രുജയെ ഉണ്ടാക്കിത്തീക്കുന്നതു രോഗം എന്നാണിതിൻെറ അർത്ഥം. രുജ എന്നതിന്ന് ശരീരത്തിൻെറയോ മനസ്സിൻെറയോ അഥവാ രണ്ടിൻെറയും കൂടിയുള്ളതോ ആയ സന്താപം അല്ലെങ്കിൽ വേദന എന്നും അർത്ഥമാകുന്നു. അതിനാൽ ദേഹമനസ്സന്താപകാരിത്വമാണു രോഗത്തിൻെറ സാമാന്യലക്ഷണമെന്നു നിശ്ചയിക്കാം. "ദുഃഖസംയോ

രോഗവ്യാധി" എന്നു സുശ്രുതനും പറഞ്ഞിട്ടുണ്ട്. ഈ ദുഃഖം രണ്ടുവിധത്തിൽ ഉണ്ട്. ശരീരസംബന്ധമായ ദുഃഖത്തിന്നു വേദന എന്നും മാനസികമായ ദുഃഖത്തിന്നു വ്യസനം എന്നും സാധാരണ പറഞ്ഞുവരുന്നു. "രോഗസ്തുദോഷവൈഷമ്യം" എന്നാണു വാഗ്ഭടൻ നിർദ്ദേശിച്ചിരിക്കുന്നത്. ദോഷങ്ങളാകുന്ന വാതപിത്തകഫങ്ങളുടെ വിഷമസ്ഥിതിതന്നെയാണു രോഗമെന്നാണിതിന്റെ അർത്ഥം. ശാരീരങ്ങളായ ദോഷങ്ങൾക്കു വാതപിത്തകഫങ്ങളെന്നും മാനസികങ്ങളായി രജസ്സെന്നും തമസ്സെന്നും രണ്ടു ദോഷങ്ങൾകൂടിയുണ്ടെന്നും ഈ അർത്ഥകല്പനയിൽ ഉൾപ്പെട്ടിട്ടുണ്ട്. മനോരോഗത്തിങ്കൽ ഇതിന്നും പ്രധാന കാരണത്വം ഉണ്ട്. ശാരീരജന്യങ്ങളായും മാനസികജന്യങ്ങളായും ഉള്ള രോഗങ്ങളെ ഒന്നായി ഗണിക്കുമ്പോൾ അഞ്ചുദോഷങ്ങൾ ഉണ്ടെന്നും അവയിൽ ഒന്നിന്റെയോ അനേകത്തിന്റെയോ വൈഷമ്യത്തെയാണു രോഗം എന്നു പറയുന്നതെന്നും ഗ്രഹിക്കപ്പെടേണ്ടതാകുന്നു. ധാതുദോഷമലാത്മകമായ ശരീരത്തിന്ന് സ്ഥൂലം, സൂക്ഷ്മം എന്നു വകഭേദങ്ങൾ ഉണ്ട്. വാതപിത്തകഫങ്ങൾ സ്ഥൂലശരീരത്തെയും കാമക്രോധലോഭങ്ങൾ സൂക്ഷ്മശരീരത്തെയും വ്യാപിച്ചു ദൂഷിപ്പിക്കുന്നതിനാൽ ആകെ അറുദോഷങ്ങൾ ഉണ്ടെന്നും ആചാര്യന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ദേഹസ്വഭാവത്തെ (പ്രകൃതിയെ) ഏഴു തരത്തിൽ സുശ്രുതൻ വിഭജിച്ചിട്ടുണ്ട്. അവ വാതം, പിത്തം, കഫം ഇങ്ങനെ മൂന്ന്. ഇവയുടെ സംസർഗ്ഗത്താൽ മൂന്നു സമപ്രകൃതി. ഒന്ന് ഇങ്ങനെ ൭ "സപ്തപ്രകൃതയോഭവന്തിദോഷൈഃ പൃഥഗ്ദ്വിശസ്സമസ്തൈശ്ച" എന്നു സുശ്രുതവാക്യം. ഉല്പാദനകാലത്തിൽ പരസ്പരസംയുക്തങ്ങളായ ശുക്ലശോണിതങ്ങളിൽ ഏതു ദോഷം അധികം ഇരിക്കുന്നുവോ ആ ദോഷത്തെ അനുസരിച്ചാണ് പ്രകൃതി ഉണ്ടാകുന്നതെന്ന് പറയപ്പെട്ടിരിക്കുന്നു. "ശുക്ലശോണിതസംയോഗേ യോഭവേദ്ദോഷ ഉൽക്കടഃ" പ്രകൃതിർജ്ജായതേതേനതസ്യാമേ ലക്ഷണം ശൃണു. (സു-ശ-24-അദ്ധ്യായം) പഞ്ചഭൂതാത്മകമായ ജഗത്തിന്റെ ആദികാരണം പ്രകൃതി അഥവാ അവ്യക്തം എന്നൊരു മൂലസാധനമാണെന്നാണ് കാപിലസിദ്ധാന്തം. "സത്വരജസ്തമസാംസാമ്യാവസ്ഥാപ്രകൃതിഃ" എന്ന സൂത്രത്തിന് സാത്വികരാജസ താമസങ്ങളുടെ ഏറ്റക്കുറച്ചിൽകൂടാതെയുള്ള ഇരിപ്പിന്നു പ്രകൃതി എന്നർത്ഥം വിചാരിക്കാം. തപശാസ്ത്രപ്രകാരേണ "നാമരൂപഗുണാദിഭിർനവ്യജ്യത ഇത്യവ്യക്തം" എന്നും നിർണ്ണയിച്ചിരിക്കുന്നു. ജഗത്തുതന്നെ പഞ്ചഭൂതസഞ്ചയമെന്നുള്ളതിനാൽ ശരീരവും പഞ്ചഭൂതസഞ്ചയമെന്നുള്ളതു നിരാക്ഷേപമാണ്.

ശരീരത്തിൽ വായ്വാകാശങ്ങൾ വാതത്വേനയും പൃഥ്വിജലങ്ങൾ കഫത്വേനയും അഗ്നിയെ പിത്തമായും ഗണിക്കപ്പെട്ടിരിക്കുന്നു. ഈ ത്രിദോഷത്തെ ത്രിഗുണങ്ങളായി വിചാരിക്കപ്പെട്ടുവരുന്നു. "സത്വബഹുലമാകാശം" എന്നുള്ളതിനാൽ ആകാശത്തിന്റെ ഗുണം സത്വമെന്നും "രജോബഹുലോവായുഃ" (വായു രജോഗുണപ്രധാനമെന്ന്) എന്നും കാണുന്നതിനാൽ സത്വരജോബഹുലഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടതിനെ വാതപ്രകൃതി എന്നും "സത്വതമോബഹുലാ ആപഃ" എന്നു ജലത്തിന്റെയും "തമോബഹുലാപൃഥ്വീ" എന്നു പൃഥ്വിയുടേയും ഗുണങ്ങളായി വിചാരിക്കപ്പെടേണ്ടിയിരിക്കുന്നു. വാതം ദേഹത്തിൽ ഏററവും പ്രാധാന്യമുള്ളതും കഫം സ്വഭാവേന മന്ദവും ജഡവും ആയിട്ടുള്ളതും ആകുന്നു. ഈ സ്ഥിതിക്കു ഇതു രണ്ടുകൊണ്ടും ഉണ്ടാകുന്ന പ്രകൃതികളിൽ വാതപ്രകൃതിക്കാർ അല്പായുസ്സുകളാകാനും കഫപ്രകൃതിക്കാർ ദീർഘായുസ്സുകളാകാനും ഉള്ള മാർഗ്ഗം ദുർല്ലഭമായിട്ടുള്ളതാണു്. എന്നാൽ ചരകാചാര്യർ; പ്രകൃതി ഒന്നേയുള്ളു എന്നാണഭിപ്രായപ്പെട്ടിരിക്കുന്നതു്. അതു സമവാതപിത്തകഫപ്രകൃതിയായിട്ടുള്ളതാണു്. മററുള്ളവ ഒന്നും പ്രകൃതി അല്ല. അവകൾ വികൃതികളാകുന്നു എന്നാണദ്ദേഹത്തിന്റെ മതം. "ന ച വികൃതേഷു ദോഷേഷു പ്രകൃതിസ്ഥത്വമുപപദ്യതേ തസ്മാന്നൈതാഃ പ്രകൃതയഃ സന്തി; സന്തി തു ഖലു വാതളാഃ പിത്തളാശ്ലേഷ്മളാശ്ച അപ്രകൃതിസ്ഥാസ്തു തേ ജ്ഞേയാഃ" (വിമാനസ്ഥാനം ആറാം അദ്ധ്യായം) അതിനാൽ ജനനവശാൽ വാതാധികന്മാർ പിത്താധികന്മാർ കഫാധികന്മാർ എന്നു പറയുന്നതല്ലാതെ ഒരിക്കലും പ്രകൃതിത്വേന ഗണനംചെയ്യാൻപാടില്ലെന്നു സിദ്ധമായി. "വാതളസ്യ വാതനിമിത്താഃ പിത്തളസ്യ പിത്തനിമിത്താഃ ശ്ലേഷ്മളസ്യ ശ്ലേഷ്മനിമിത്താ വ്യാധയഃ സ്യുർബലവന്തശ്ച" വാതളന്നു വാതംനിമിത്തവും പിത്തളന്നു പിത്തംനിമിത്തവും ശ്ലേഷ്മളന്നു കഫംനിമിത്തവും വ്യാധികളുണ്ടാകാൻ എളുപ്പവും ഉണ്ടായതിനുശേഷം ഏററവും ശക്തിമത്തുക്കളായി കാണപ്പെടുന്നതുമാണു്.

"തത്ര വാതളസ്യ വാതപ്രകോപണോക്താന്യാസേവമാനസ്യ ക്ഷിപ്രം വാതപ്രകോപമാപദ്യതേ ന തഥേതരൌ" വാതളൻ വാതകോപകരങ്ങളായി പറയപ്പെട്ടിരിക്കുന്ന ആഹാരാദികളെ ശീലിച്ചാൽ ശീഘ്രത്തിൽ വാതം കോപിക്കും. പിത്തത്തിന്റെയോ കഫത്തിന്റെയോ പ്രകോപനങ്ങളായ ആഹാരാദികൾ ശീലിച്ചാൽ അതു് വാതത്തെപ്പോലെ അത്ര ക്ഷണത്തിൽ കോപിക്കുന്നതല്ലെന്നു

ള്ളതാണു വ്യത്യാസം. അതുപോലെ പിത്തപ്രകോപനകരങ്ങളായ ആഹാരാദികൾ പിത്തത്തേയും കഫപ്രകോപനകരങ്ങളായ ആഹാരാദികൾ ശ്ലേഷ്മത്തേയും അതതു പ്രകൃതിക്കാരിൽ ക്ഷിപ്രം കോപിച്ച് രോഗകാരണമായി പരിണമിക്കാറുണ്ട്. ഈ ചരകാഭിപ്രായം സൎവ്വഥാ ആദരണീയമായിട്ടുള്ളതാണ്. "പ്രകൃതിഗുണസാമ്യേ സ്യാൽ" എന്നൎത്ഥത്തിലാണു ചരകാചാൎയ്യരുടെ വിവക്ഷ. സ്വഭാവം എന്ന അൎത്ഥത്തിൽ വാതാദികളെ വാതപ്രകൃതി, പിത്തപ്രകൃതി, കഫപ്രകൃതി എന്നെല്ലാം പറയാറുണ്ട്. "വികാരോ ധാതുവൈഷമ്യം" എന്നു ചരകാചാൎയ്യർ പറഞ്ഞിരിക്കുന്നു. ധാതുക്കൾ എന്നതിന് ത്രിദോഷങ്ങൾ എന്നൎത്ഥമാണ്. ത്രിദോഷങ്ങളുടെ സമാവസ്ഥയിൽനിന്നുമുള്ള ഏററക്കുറച്ചിലിനെ രോഗം എന്നു പറയുന്നു. ദോഷങ്ങളുടെ സമാവസ്ഥയെ അരോഗത എന്നു പറയുന്നു. അതിനാൽ ദോഷകോപമാണു രോഗകാരണമെന്നു തെളിയുന്നു. "ദോഷാ ഏവഹി സൎവ്വേഷാം രോഗാണാമേകകാരണം" എന്നും മററുമുള്ള പല പ്രമാണങ്ങൾകൊണ്ടും യുക്തികൾകൊണ്ടും രോഗകാരണത്തിന്നു പ്രധാനം ദോഷകോപങ്ങളാണെന്നു ആൎയ്യവൈദ്യന്മാർ സ്ഥാപിച്ചിരിക്കുന്നു. എന്നാൽ പലതരം രോഗങ്ങൾക്കും കാരണം ഒരുതരം മൈക്രോബങ്ങളാണെന്നാണു പാശ്ചാത്യവൈദ്യന്മാർ കണ്ടുപിടിച്ചു വാദിച്ചുവരുന്നത്. ഈ തത്വം അത്ര ശരിയായിട്ടുള്ളതാണെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. ചില രോഗങ്ങളിൽ രക്തമോ മലമോ പരിശോധിച്ചാൽ മൈക്രോബങ്ങളെ കാണാൻ കഴിയും. എന്നാൽ അതുതന്നെയാണു രോഗകാരണമെന്നു പറയുവാൻ പാടില്ല. അതു രോഗലക്ഷണങ്ങളിൽ ഒന്നായി വരാവുന്നതാണ്. ചില രോഗങ്ങളിൽ മാത്രം ഇവ നിയതപൂൎവ്വവൎത്തികളായി കാണുന്നില്ലെന്നുമില്ല. മൈക്രോബത്തിൻെറ തരഭേദത്താൽ ദോഷങ്ങളിൽ ഒന്നിനേയോ അനേകത്തേയോ കോപിപ്പിക്കാവുന്നതും അതുനിമിത്തം കാരണാനുരൂപമായ രോഗത്തെ ഉല്പാദിപ്പിക്കുന്നതായി ആൎയ്യവൈദ്യന്മാരും സമ്മതിക്കുന്നുണ്ട്. "സൌക്ഷ്മ്യാൽ കേചിദദൎശനാഃ" എന്നുള്ള പ്രമാണം ഇതിലേക്കു ദൃഷ്ടാന്തമാണ്. പകൎച്ചവ്യാധികളെന്നു ഗണിക്കപ്പെട്ടിരിക്കുന്ന രോഗങ്ങളിൽ ഏറിയകൂറും മൈക്രോബങ്ങൾ നിമിത്തമുണ്ടാകുന്നതായി ആൎയ്യവൈദ്യന്മാരും സമ്മതിക്കുന്നുണ്ട്. മൈക്രോബങ്ങൾ രോഗകാരണമായി മാത്രം അവർ സമ്മതിക്കുന്നില്ല. ക്ഷയരോഗം പകൎത്തുന്നതു ട്യൂബർക്യൂലസിസ്സ് ബേസിലസ്സ് എന്നു പറഞ്ഞുവരുന്ന ഒരുക്രിമിയാ

ണെന്നു പാശ്ചാത്യവൈദ്യന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ക്ഷയരോഗിയായ ഒരാളുടെ തുപ്പൽ, കഫം, മലം, വസ്ത്രാസനശയനാദിസാമഗ്രികൾ ഇവകൾ സ്പർശിക്കപോലും ചെയ്യരുതെന്നു് പുരാതനവൈദ്യന്മാർ സിദ്ധാന്തിച്ചിട്ടുണ്ടു്.

"പ്രസംഗാൽ ഗാത്രസംസ്പർശാൽ
നിശ്വാസാൽ സഹഭോജനാൽ
ഏകശയ്യാസനാച്ചൈവ
വസ്ത്രമാല്യാനുലേപനാൽ.
കുഷ്ഠം ജ്വരശ്ച ശോഷശ്ച
നേത്രാഭിഷ്യന്ദ ഏവ ച
ഔപസർഗ്ഗികരോഗാംശ്ച
സംക്രാമന്തി നരാന്നരം.

(മാധവനിദാനം)

എന്നാൽ മൈക്രോബുകൾനിമിത്തംമാത്രം യാതൊരു രോഗങ്ങളും പകരാൻ ഇടയില്ലെന്നു പലപ്പോഴും അനുഭവംകൊണ്ടു പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. ഒരു ക്ഷയരോഗിയുടെ അടുക്കൽ പത്തുപേർ ഒന്നിച്ചു താമസിക്കുന്നു എന്നിരിക്കട്ടെ. ആ പത്തുപേൎക്കും ക്ഷയരോഗം പകന്നതായി കാണുന്നില്ല. ഏതാനുംപേൎക്ക രോഗം പകന്നതായും ബാക്കിയുള്ളവൎക്ക പകരാതെ ഇരുന്നിട്ടുള്ളതായും കാണുന്നു. ഇതുപോലെതന്നെ മററു പകർച്ചവ്യാധികളിലും കണ്ടുവരുന്നുണ്ടു്. ഇതിൻെറ കാരണം എന്തു്. മനുഷ്യശരീരം ആരോഗ്യപൂൎണ്ണമായിരിക്കുമ്പോൾ മൈക്രോബുകളോടു് എതിരിട്ടുനില്ക്കത്തക്ക ഒരു ശക്തിവിശേഷം രക്തത്തിൽ ഉണ്ടു്. ഈ ശക്തിവിശേഷത്തിന്നു ഹാനി തട്ടാതിരിക്കുന്നിടത്തോളംകാലം പുറമേനിന്നു വരുന്ന ഈ മൈക്രോബുകൾ ഉള്ളിൽ കടക്കാതെ അവയെ നശിപ്പിച്ചുകൊള്ളും. അതിനാൽ അനാരോഗ്യമുള്ളവരിൽ മാത്രം മൈക്രോബുകൾ എളുപ്പത്തിൽ കടന്നു രോഗമുണ്ടാക്കുന്നു. ത്രിദോഷകോപത്താൽ രോഗഹേതുകമായി പരിണമിച്ചിട്ടുള്ളവരിൽ മൈക്രോബതത്വവും ഒരു കാരണമെന്നല്ലാതെ രോഗകാരണം മൈക്രോബതത്വമെന്നു വരുന്നതല്ല. രോഗത്തെ ശാരീരം മാനസികം എന്നു രണ്ടായി തിരിച്ചിട്ടുണ്ടെങ്കിലും അവ പരസ്പരസംബന്ധമുള്ളതാകുന്നു.

(തുടരും)

---

# * ഹരിശ്ചന്ദ്രചരിതം പാട്ട്.

(ഒരു പഴയ കൃതി.)

(സമ്പാദകൻ, പനച്ചിക്കൽ, എൻ. രാമൻപിള്ള, അയിരൂർ)

അങ്കിക്കണ്ണൻപങ്കിപ്പൂവിനന്തുലിചുററിയപുരുഷൻ
അടരാവംകൊണ്ടുമുറുക്കിയണിന്തുചമഞ്ഞപുരാനേ!
തിങ്കറുംജടമുടിക്കയാൻമകനായ് വന്നുപിറന്തൊരുബാലൻ
ജീവനപോക്കണമടിയനുടെമനതാരിൽവരുംകവിചൊൽവാൻ
കവിതമണിപ്പൊരുളെകാടറുവൻകരുതികവിമാരെ
കാതിൽവിളങ്ങുന്നൊരുവലേ മാലകൾനാഥവിളക്കെ!
വിരചതർക്കൂടാതെയരചർകൾവാഴുമയോദ്ധ്യാതിങ്കൽ
പരിചിൽപെരിയൊരുമുടിമന്നവനിങ്ങനെവാഴുംകാലം
വാഴുമരിച്ചന്തിരമന്നനുടെധൎമ്മങ്ങളെയറിവാൻ
വൈകരുതെന്നമ്മുനിമാരവർതങ്ങളിലൊത്തുരചെയ്തു.
കരുതിനമുനിവരനും വിശ്വാമിത്രൻശുക്രനുമായ്
കളവുപറഞ്ഞുപറിച്ചുവരുമരിച്ചന്തിരപുരിപുക്ക്
പുക്കതുകണ്ടമ്മുടിമന്നവനും മുനിമാരെതൊഴുതു
പൂജിച്ചൃഷികളെസിംഹാസനമതിലേററിയിരുത്തി
"തങ്കപുമാന്മാരിവിടത്തിനെവന്നൊരുകാൎയ്യമിതെന്തു്?
സാമ്രാജ്യമതൊന്നുംകൊണ്ടോ? കാണികയിൽമോഹംകൊണ്ടോ?"
"കാൺകയിലുംമോഹംകാരിയമത്ര പുനരൊണ്ടെമന്നാ!
കാരിയമതാകുന്നതുമെററൊന്നല്ലേകടുകപ്പുറയാം

* ഈ പാട്ട് പുരാതനവും പാണന്മാർ കണിയാന്മാർ ആദിയായവർ കാണാതെ ലക്ഷങ്ങളിൽ ഭവനദ്വാരങ്ങളിൽ എത്തി ചൊല്ലി പാടിവന്നിരുന്നവയുമാണ്. ഇതറിയാവുന്നവർ അവരിൽതന്നെ ഇപ്പോൾ വളരെ ചുരുക്കമായിരിക്കുന്നു. ഉണ്ടെങ്കിൽ തന്നെ എല്ലാ ഭാഗവും പൂൎണ്ണമായി ഓൎത്തിരിക്കുന്നവർ അതിലും ചുരുക്കമത്രെ. ഒരു 80 ൽ പരം പ്രായമായ ഒരു വൃദ്ധഭവനൻ എന്റെ ഗൃഹത്തിൽ അടുത്ത അവസരത്തിൽ വന്നിരുന്നസമയം അദ്ദേഹം ചൊല്ലികേട്ടുണ്ടായ ആനന്ദത്താൽ പകൎത്തി എടുക്കുന്നതിനിടയായിട്ടുള്ളതാണ്. ഹരിശ്ചന്ദ്രചരിതം ഭാഷയിൽ വിവിധരൂപത്തിൽ അവതരിച്ചിട്ടുണ്ടെങ്കിലും ഈ പാട്ടിന്റെ മെച്ചം വേറെന്നതന്നെ. കഥയുടെ വ്യതിയാനങ്ങളും മററും പാട്ടിൽ കാണാവുന്നതാണ്. ഇതു് ഭാഷയിലെ പഴയ ഈരടിപ്പാട്ടുകളിൽ ഒന്നായി കണക്കാക്കാം. അങ്കി (അഗ്നി) വിമയതർ (ശത്രുക്കൾ) വിരന്ത് (വേഗത്തിൽ) ചിറാണ്ടു (തളൎന്ന്) അരിച്ചൻ (ആദിത്യൻ) കൊടുന്തായ (കഠിനമായ) ഇതാദി പഴയ മലയാളപ്രയോഗങ്ങൾ ഈ പാട്ടിൽ പലയിടത്തും കാണാവുന്നതിൽനിന്ന് ഇതിന്റെ പഴമയെ ഊഹിക്കാവുന്നതാണ്.

കരുതിനതൊരുകോയിൽപ്പണിന്തതിനൊത്തിരധനമില്ലാഞ്ഞ്
കണ്ടുപറഞ്ഞാലത്തുതരുമെന്നിട്ടിവിടത്തിനവന്നേ."

"തരുമോഎന്നെന്തൊരുസംശയമെന്നൊട്ടുചോദിച്ചെന്നാൽ
സാരമതാകിയപൊന്നെത്തിരവേണംചൊല്ലുകമന്നാ!"

"ചൊല്ലാംവെള്ളാനമെലേറികവണിക്കൊണ്ടെറിയെറിന്താൽ
കൽപൊങ്ങുംകിളരെപൊന്നുതരേണംമന്നവർമന്നാ!"

"കളിയല്ലിതുചൊല്ലിയപോലെതരുന്നുണ്ടേയരചർകൾമന്നാ!"

എന്നുപറഞ്ഞതുകേട്ടരചനമപ്പോൾതാനുടനെവലംകൈയിൽ
പൂവുംനീരുംവീഴ്ത്തിക്കൊടുത്തിതുമന്നൻ.
താനുടനെക ിയോലപ്പുരയന്നുതുറന്നതെടുത്ത്
അന്നതിലുള്ള പൊന്നുംനാണ്യവുമെല്ലാം
പാടെവിററമ്മുനിപക്കൽ വിരന്നുകൊടുത്തൊരുശേഷം
അറയതിൽവച്ചുടനെ പൂട്ടിയ താക്കോൽപടിയുടെകീഴെ
വിശപ്പെരുമാളുടെമുടിയും തിരുവാഭരണംപലതും
പാടേവിററമ്മുനിപക്കൽ വിരന്നുകൊടുത്തൊരുശേഷം
കൊടുത്തപൊന്നടക്കവുംകൊണ്ട് കൊടുശിനമെറിഞ്ഞുംവെച്ച്
പക്ഷിപറക്കുംപോൽ വെക്കംകൊണ്ട് എറിഞ്ഞുകളഞ്ഞുംവെച്ച്
കുതറിക്കട്ടുകനെ കണ്ണുംചുവഴ്ത്തി വരുന്നമുനിയെ
"അന്നന്നിനിയോടിനടപ്പാൻ നിന്നുടെയടിയാനല്ലേ!
തരുമെങ്കിൽതാ! തരുവാനില്ലെങ്കിൽ പോവാൻചൊല്ലാം"
ഭാര്യയുടെചമയംമകനുടെ കുഴൽമോതിരമുമതെല്ലാം
പാടേവിററമ്മുനിപക്കൽ വിരന്നുകൊടുത്തൊരുശേഷം
"ഒത്തതിനെന്നെയുമിക്കുഞ്ഞിനെയും വിററിന്നു കൊടുത്തേൻ"
"മഹാപാപി! നിങ്ങളെവില്ക്കുന്നെ ിക്ക മനസ്സുവരായെ"
"എന്നാലൊന്നുണ്ടേ മുടിമന്നാ! കേട്ടുവരുന്നു
വമ്പിയച്ചംമുനിയൊട്ടുചൊല്ലിയ പൊന്നുകൊടുത്തില്ലെങ്കിൽ
നാളെക്കും കേട്ടുവരുത്തുന്നുണ്ടേയരചർകൾ മന്നാ!"

എന്നുപറഞ്ഞതുകേട്ടരചനമപ്പോൾ
താനുടനേ കുഞ്ഞുംഭാര്യയുമായ്
ദന്തികാസനനാട്ടിൽ തെരുവേനിന്നൊന്നുവിളിച്ചാൻ
"ആളത്തുകൊള്ളേണ്ടുന്നവരെവരുവിൻ! വരുവിനിതെന്നു"
അന്ധനുംവിളിയതുകേട്ടിട്ടന്തണനാരുംവന്നാനവിടെ
"ആളുതരുന്നതിലഞ്ഞൂറുംമുന്നൂറും പൊൻതരികെന്നാൽ"
ആളുവിററപ്പണംമന്നവൻകൊണ്ടുചെന്നാദരാൽമാമുനികയ്യിൽകൊ

ചീളെന്നചീറിച്ചെറുള്ളമാമുനിചിതമല്ലചൊല്ലിയപൊന്നുതരാ-
(യ്ഹിലൊ

കേളികുറുപ്പൻഞാൻകേടൊക്കെചെയ്യുന്നൊൻ
കേശവനാണെ! പൊളിയല്ലചൊല്ലുന്നു
നാശമൊഴിഞ്ഞു പലകാലംവാണുഞാൻ
നാമത്തിനേതും കുറവുമെനിക്കില്ല
പോരാളിയെന്നുള്ള തെല്പേരുംവന്നു
പോരാളിയെന്നുള്ള നാമവുംവന്നു"
ഇളമുളപൊട്ടുന്നപോലരിച്ചന്തിരൻ
കാരിയം കണ്ണുനീരോടെപറയുന്നു
"എന്നെയുംവിററുതാൻ പൊൻവാങ്ങിക്കൊണ്ടാലും
ചുട്ടുകാട്ടിൽചുട്ടവാങ്ങി പണമൊന്നെനിക്ക്
അരിയഞ്ഞാഴിയുമൊരുത്തുണ്ണിയും നിനക്ക്
ഇതുമെല്ലാംവാങ്ങിച്ചേ ചുട്ടുകാട്ടചൊല്ലാവു"
എന്നുപറഞ്ഞിതരിച്ചന്തിരനപ്പോൾ
മെത്തമേൽമെത്തവിരിച്ചുവെളിയാടകൊണ്ടുമറച്ചു
മേൽക്കട്ടിയുംകെട്ടിത്തുക്കുവിളക്കിലെദീപംതെളിച്ചിട്ടു
സുന്ദരക്കൊങ്കയുംഭർത്താവുമായിട്ടുനീക്കംകൂടാതെസുഖത്തോടി-
(രുന്നിതു

ബാലകൊഴുന്നിനെ കൈക്കോട്ടിലിട്ടിട്ടു
വാവിട്ടുകാറാതെപൊട്ടുംപൊട്ടുപൊടെ
പാതിയുറങ്ങുമാറില്ലയ്യോ! പന്നഗത്തേലുറങ്ങുന്നതമ്പുരാനേ!"
ഇനിയെന്നാൽപോകട്ടെയെന്നുതാനും ചൊല്ലിയേൻ
അന്തണൻവീട്ടിലെ കാലത്തും വൈകിട്ടും
മുപ്പതും നാല്പതും നെല്ലവൾ കുത്തണം
അയതിനായിട്ടു വേലയെടുക്കുമ്പോൾ
ചിത്തവൃത്തിക്കുപോകാൻ നേരമില്ലായ്കയാൽ
കിങ്ങിണികാൽത്തളപൊൻമണിത്താവളം
പൂണ്ടുനടക്കുന്നപൈതങ്ങളെല്ലാം
ഉള്ളിലുറവോട്ടുനല്ലമലയതിൽ
നല്ലമലയതിൽ വിറകിനു പോകുന്നു
അങ്ങിനെയങ്ങവർ പോകുന്ന നേരത്തു
തൻെറമകനെ ചൊല്ലിവിട്ടാനല്ലോ
കിങ്ങിണികാൽത്തളപൊൻമണിത്താവളം
ഇങ്ങിനെപൂണ്ടുള്ള പൈതങ്ങളോട്
മററത്തൊരുദിനമിക്കുഞ്ഞും

മററുള്ള പൈതങ്ങളോട്ട് വിറകിന്നുപോയ്
"കുഞ്ഞേ നീയുംകൂടെ പോകുന്നതാകിലൊ
പാരാതെ നാഴിയരികൂടെ കിട്ടുമേ!
പോകുന്നദിക്കിലെ കാണുന്ന ദപ്പയും
കുഞ്ഞേ നീയുംകൂടെ കൊണ്ടുവന്നതാകിലൊ
ഞാനും തരുന്നുണ്ട് നാഴിയരിയെന്നെൻെറ-
യച്ഛനാണെയെന്നങ്ങൊരാണയുമിട്ട്
അച്ഛൻെറ ആണെടെ നാമത്തെ കേട്ടപ്പോൾ
മകനാരുയാത്രയായ് പോകുന്നു വിറകിന്ന്
ഉള്ളിലുറവോട്ട് നല്ലമലയതിൽ
നല്ലമലയതിൽനിന്ന വിറകുമായ്
{ഉള്ളിലുറപ്പോടെപൈതങ്ങളുംചെന്നു
നല്ലമലയതിൽനിന്നവിറകുമായ്} പാഠഭേദം
ചുള്ളിയുംമുള്ളുമായ് കൊള്ളിക്കതക്കതായ്
പാടേയൊടിച്ചവർചുമടാക്കിക്കെട്ടീട്ടു
നാരായണാ! നമഃഎന്നുനടകൊണ്ടു
നടകൊണ്ടുവടിവുള്ള ചെറുപൊയ്കചരിവിന്നു
നാനാരസത്തിൽകളിച്ചുംചിരിച്ചും
പയ്യവേനടന്നവർചെല്ലുന്നനേരത്ത്
പാരംതണലുള്ളരയാലുംകീഴവേ
എല്ലാവരുംകൊണ്ടുവിറകുമിറക്കിയിട്ട്
രവികോപമിയലാതിരിക്കുന്നനേരത്തു
ചൊല്ലാമരയാലിൻമീനത്തെക്കോണില്
നല്ലൊരുദപ്പ്കണ്ടപ്പിള്ളചൊല്ലി
"നിങ്ങളെല്ലാപേരുമവിടെയിരിപ്പിൻ!
ഞാനുണ്ടെയിപ്പോൾ ദപ്പ് (൫) കൊണ്ടോടിവരുന്നുണ്ട്"
ആ ദപ്പ്ചുററിപ്പിടിക്കുന്നുപിള്ളയും
ചുററിപ്പിടിച്ചനേരം ഫണത്തെ തട്ടി
ചീററിച്ചവത്തിച്ചെറുമൂക്കനന്നേരം
കൊത്തിയണിവിരൽ മൊത്തിയകൊത്താലെ
കൊണ്ടഭയത്തോടുകൂടെ കുടഞ്ഞെറിഞ്ഞിട്ടു
നോക്കിനോക്കിയാക്കംകുറഞ്ഞാവലാതിപ്പെട്ട്
ആലിലപോൽവിറച്ചംഗംതളന്നു
വാക്കിന്നവൻതല തെക്കോട്ടുംവീണു
അവനുംവിഷംകേറിനാഴികകൊണ്ട്
ചങ്കററതെകളെയകത്തുംകേറിവിഷം

ചങ്കോട്ടുപൃക്കകരളുരുകുന്നയ്യോ!
ചെന്നുകണ്ണിൽകെട്ടിമഞ്ഞൾനിറംപോലെ
ശേഷംവിഷംതലക്കെട്ടിലുംകേറി
വീണതുകണ്ടിട്ടുമററുള്ളപൈതങ്ങൾ
കേണുചെന്നമ്പോടരവത്തെക്കണ്ടു
കണ്ടുപേടിച്ചുടൻ മണ്ടുന്നപൈതങ്ങൾ
പാടെ വിറകുംപകുത്തുകെട്ടിക്കൊണ്ടു്
പയ്യെനടന്നവർ ചെല്ലുന്നനേരത്തു്
മാതാവുനോക്കിമകനാരക്കൂട്ടത്തിൽ
“നിങ്ങടെകൂടെപോന്നെൻമകനെങ്ങയ്യോ!
നിങ്ങളിട്ടുംവച്ചുമണ്ടിക്കളഞ്ഞോ?”
“ഞങ്ങളേതുംപിഴച്ചില്ലനിന്നാണമ്മേ!
ഏതുംപിഴച്ചില്ല ഞങ്ങളറിഞ്ഞില്ല
ഞങ്ങളൊന്നിച്ചു മൈലാട്ടുന്നപോയ്യടെ
കന്നിമേൽനില്ക്കുന്നരയാലിൻകീഴവേ
എല്ലാവരുംകൊണ്ടു വിറകുമിറക്കീട്ടു്
രവികോപമിയലാ റിരിക്കനനേരത്തു
ചൊല്ലാമരയാലിൻമീനത്തെക്കോണിലു്
നല്ലൊരുദപ്പു കണ്ടിട്ടപ്പിള്ളചൊല്ലി
നിങ്ങളെല്ലാപേരുമിവിടെയിരിക്കണം
ഞാനിപ്പോൾ ദപ്പുകൊണ്ടോടിവരുന്നുണ്ടു്
ദപ്പുപറിപ്പാനായ് പോയൊരുപൈതലെ
സർപ്പംകടിച്ചിട്ടുചത്തെൻമാതാവേ!
“എത്രസുഖമിതു കേട്ടിട്ടെനിക്കയ്യോ!
എൻെറശിരസ്സിലെഴുത്തായോപോററീ!
പോവാനുംമേലായീയന്തണൻമൂലത്താൽ
വേലയെടുക്കാതെപോകിലൊകൊല്ലുമേ!
അന്തണൻകോരിക്കൊയ്യുഞ്ഞൂപറച്ചനെൽ
അന്നന്നിടിച്ചരിയാക്കണംദൈവമേ!
നെൽപുഴുങ്ങുന്നടുപ്പിൻകുഴിച്ചാമ്പലും
വേലയെടുത്തവിയപ്പോടുകൂടവേ
ചാലിച്ചചന്ദനംപോലെചിറാണ്ടവൾ
ചപലതയോടെ മരുവുനാവളുമായ്
“ആദിത്യമണ്ഡലമസ്തമനനേരത്തു്
എൻമകൻചത്തങ്ങു കാട്ടിൽകിടക്കുന്നു
ഞാൻചെന്നെടുത്തടക്കട്ടെപോററീ”

"ചത്തെങ്കിലെന്തെടീകള്ളീ! നിനക്കുള്ളു
കൊണ്ടോളുമെനിക്കുള്ളതു് പൊന്നുമെനക്കുള്ളതു്
പശുവേകറന്നപാൽ കാച്ചിവെച്ചുംവെച്ചു്
വേഗേനനീയങ്ങുപോയാലുമെന്തെടീ!
മുററമടിച്ചുതളിച്ചിട്ടുംവെച്ചു്
വേഗേനനീപോയാലുമെന്തെടീ!
പൊടിച്ചുകൊഴിത്തി പൊടിയായരിഞ്ഞെച്ചുപോയാലുമെ
ന്തെടീ!"
"നിനക്കേതും കൂറില്ലെങ്കിലൊപോററീ!
പത്തുമാസം ചുമന്നല്ലിയൊപെററുഞാൻ
വിററെടുത്തവ൪ററപ്പുറംപോയാലും
പെററവൾവേ നചത്താലുംതീരുമോ?"
അന്തണൻചൊല്ലാതവളും പടിപ്പുര
വാതിൽതുറന്നുപുറത്തിറങ്ങീട്ടു്
അന്തരപ്പെട്ടിട്ടവച്ചു നിലവിളിച്ചയ്യോ!
മകനേ! ചതിച്ചായോ പോററീ
എന്നുപറഞ്ഞവൾ ദുഃഖിച്ചുംകൊണ്ടു്
കുററിലും മുള്ളിലും പെട്ടുടൽകീറിയും
ഉററുതി ധിര )ത്തോടു ചെല്ലുന്നനേരത്തു്
(മുററും ധൈര്യത്തോടു ചെല്ലുന്നനേരത്തു്)
കാട്ടുപോത്തും കടുവാ കരടി കഴുകനും
ചെന്നാ കരടിമാനുംപുലിസിംഹവും
ഒക്കെയിരിക്കുന്നിക്കുഞ്ഞിൻെറചുററില്
ഇവളെകണ്ടോടിയൊളിച്ചുമൃഗങ്ങൾവനാന്തരന്നില്
കാലിന്നും കൈയിക്കും കരണഞരമ്പിന്നും
കാലികൾക്കും ഭ്രൂതികൾക്കും കഴുത്തിന്മേൽ
വായുവുണ്ടോന്നവൾ സൂക്ഷിച്ചനേരത്തു്
ചേലുകെട്ടെൻമകൻ ചത്തുപോയെന്നയ്യോ!
അലോലപ്പെട്ടിട്ടുമുറയോടിരുന്നു്
താങ്ങിയെടുത്തുകിളത്തിയനേരത്തു്
താങ്ങരുതാതെപോയ് തടിപോലെ താഴുന്നു
പിന്നെയെടുത്തും നടന്നുമിരുന്നവൾ
ഭീതയോടുമോടി ചുടുകാടുപുക്കു്
ചുടുകാട്ടിൽനിന്നവൾ നോക്കിയനേരത്തു്
ബുദ്ധിയെനിക്കില്ലിച്ചവം ചുട്ടുതൊൾവാൻ
ചുടുകാട്ടിൽ കല്ലും കരടുമൊരുക്കിയിട്ടു്

വൈഡൂൎയ്യവുംവച്ചുസ്വൈരമായിക്കൊണ്ടു്
കൈകൊണ്ടുമാന്തികുഴിച്ചൊരുപട്ടട
ഇണ്ണത്തടിയുംവച്ചു വിറകും നിരത്തി
ചുള്ളിലൊടിച്ചിട്ടു ചുററും പൊതിപിന്നെ
ചൂഴവേകൊണ്ടുപന്നുവച്ചു ശവവുമായ്
അച്ഛനെ കൂടാതെ മാതാവുകൊണ്ടുചെന്ന-
ല്ലൽപെടുത്തുമാററാക്കിനയോ ദൈവമേ!
എന്നുപറഞ്ഞവൾ ദുഃഖിച്ചുംകൊണ്ടു്
പുല്ലാന്നിമേലൂതി തീയുംപെരുക്കി
പട്ടടയിൽ പുകനാടിയനേരത്തു
അപ്പുകകണ്ടോടിവന്നു പറയനും
“ആരെടികള്ളീ! ശവംചുട്ടന്നെന്നിട്ടു”-
ലറിപറഞ്ഞിട്ടു കുഞ്ഞിന്റെ കാലേലവനും
പിടിച്ചുവലിച്ചങ്ങെറിഞ്ഞഭാവത്തിൽ
“പാപം പിണഞ്ഞോയെനിക്കയ്യോ!
പാപിയിൽ പാപി ഞാനായിവന്നീശ്വരാ!
പൊന്നുമരിയും തുണിയും തരാതെയീ
ഭോഷത്വം കാണിച്ചാൽ ഞാനിതു ചെയ്യുമേ!”
“പൊന്നുമരിയും ഞാൻ കാണ്മാറുമില്ലേ
തുണിയെനിക്കന്തണാൻ തന്നിട്ടുടുക്കുന്നു”
“പൊന്നേറെയില്ലതരുവാനെന്നാകിലോ
കഴുത്തേലെതാലിപറിച്ചിട്ടുതാടീ”
താലിയെന്നപ്പോൾ തലതല്ലി വീഴുന്നു
തമ്പുരാനെ ശരണമെയെന്നു കരയുന്നു
“മംഗല്യമന്നനരിച്ചതുനല്ലാതെയീ
മാണിക്കക്കല്ലുമററാരുകണ്ടിട്ടൊള്ളു.”
മഹാപാപി പറയന്റെകണ്ണിൽകണ്ടപ്പോൾ
മകനൊരുചത്തതിനില്ലൊരുദുഃഖം
അരിക്കൂറവളുടെയരികത്തുചെന്നങ്ങാ-
വലാതിപ്പെട്ടുകണ്ണൊക്കുംകണ്ടു
അന്നാട്ടുവാഴുന്ന തമ്പുരാന്റെ
കണക്കെഴുത്താളരും പിള്ളാരുമായിട്ടു്
കുഞ്ഞിനെകാണാഞ്ഞിട്ടന്വേഷിക്കുംനേരം
കുഞ്ഞിനെയുമിവളോടുംചോദിച്ചാൻ:—
“എന്തെടീ! ഹേതുവിക്കുഞ്ഞിപ്പോൾ ചാകുവാൻ?”
“ഏതുംപിഴച്ചില്ലചത്തതേനേരവേണ്ടു.”

"കുഞ്ഞുതാൻശവംതോളത്തെടുത്തിട്ടും കൊണ്ടു്
കൊണ്ടകൊടുക്കയിവളെയുംവാളുമായ്
ചുട്ടുകാട്ടുകാക്കുന്നപറയൻെറകൈയില്"
"ഞാൻമാലപൂണ്ടോർകഴുത്തേലതിപ്പോൾ
ഞാൻവെട്ടുമാറാക്കിയോ ദൈവമേ!"
എന്നുപറഞ്ഞവൻദുഃഖിച്ചുംകൊണ്ടു്
മികവയറില്ലാതൊരുവാളുമെടുത്തു്
വെട്ടിയവെട്ടിന്നുംവട്ടവേർകൊങ്കയുള്ളും
മേൽനിന്നുവീണൊരുമാലകഴുത്തേല്
വീണ്ടുംവലിച്ചുവാളോങ്ങിയനേരത്തു
വിലതീരാതൊരുമാലകഴുത്തേല്
മൂന്നാംവലിച്ചുവാളോങ്ങിയനേരത്തു
മൂവരുംവന്നു കയ്യാൽവിലക്കുന്നു
"എന്നാണെവെട്ടല്ലെനീയല്ലകൊല്ലുന്നു
എന്നുംനിനക്കുകുലംമുടിച്ചീടാമോ?"
അരവത്തെരുമരിച്ചനും ചന്ദ്രനും
അംബുധിദേവിയും തുംബുരുംനാദവും
യക്ഷനുംസിദ്ധനുംഗന്ധവ്സിദ്ധനും
യക്ഷസിദ്ധാത്ഥരെൺപത്തെണ്ണായിരം
ഋഷിവർഗ്ഗങ്ങളും പാടെയൊരുമിച്ചു്
പാടേയൊരുമിച്ചുചുടുകാട്ടുതന്നില്
കുഞ്ഞുംവിഷംതീൎന്നിട്ടയ്യൻെറയരികെ
കൂടമേൽമാതാവുംതാനുംമകനുമായ്
തൃക്കുവിളക്കിലെദീപംതെളിച്ചിട്ടു്
സുന്ദരക്കൊങ്കയും ഭർത്താവുമൊന്നിച്ചു്
പൌരുഷംപണ്ടതിലേററംതരാമെടൊ!
പരമേശൻതന്നാണെനിക്കിനിവാഴണ്ടോ
കാളികളിപ്പിച്ചകാൎയ്യമിതെന്നു
കാലാരിപാദത്തിൽ ചേരണമിക്കഥ
ചുട്ടുകാട്ടിൽകല്ലുംകരടുമൊരുമിച്ചു
കൂരിരുട്ടില്ലകൊടുന്തിയരൊയിലില്ല
പാരിച്ചകാററുംപനിയുംമഴയില്ല
കൂരമ്പുംകൊമ്പുംഉണ്ണമററുകണ്ടപ്പോൾ
ശോഭിച്ചുകണ്ടപ്പോൾചൊന്നാൻശങ്കരൻ

കാളപ്പുറത്തേറുംകാർകണ്ഠകോലവും
ഭൂതപ്പടയുംപുലിജടാവക്ത്രനാം
നാരായണൻതേരുംനാന്മുകൻതേരുമേ
നിൎണ്ണയംമാതാവിനാനന്ദത്തേരുമേ
ഇക്കഥചൊല്ലിസ്തുതിച്ചുകേൾപ്പോൎക്ക്
ഉടലോടെസ്വൎഗ്ഗത്തുവാണരിച്ചന്തിരൻ.”

---


## അതിശയഫലം ചെയ്യുന്ന അത്ഭുതചികിത്സ.

വിഫലമെന്നു തെളിയിക്കുന്നവൎക്ക് 500 രൂപാ സമ്മാനം.




Messrs. REDDY & CO:,
Gopalapuram P;O,
East Godavary Dist,

ഇരുപതാംനൂററാണ്ടിലെ അപൂൎവ്വമായ കണ്ടുപിടിത്തം. മാറാവ്യാധികൾ പോലും സുഖപ്പെടുന്ന ഏതുതരത്തിലും സ്ഥിതിയിലും ഇരിക്കുന്ന പതിനെട്ടുവിധം കുഷ്ഠരോഗങ്ങളും പാണ്ഡു തുടങ്ങിയ മറെറല്ലാ ത്വഗ്രോഗങ്ങളും ഞങ്ങളുടെ അത്ഭുതകരമായ ഔഷധം കൊണ്ട് നിശ്ശേഷം സുഖപ്പെടുന്നതാകുന്നു. ഇതിനകം 40,000 രോഗികളെ സുഖപ്പെടുത്തിക്കഴിഞ്ഞു.

ഉഷ്ണപ്പുണ്ണു തുടങ്ങി ഉഷ്ണസംബന്ധമായ എല്ലാ രോഗങ്ങളും, ഏതവസ്ഥയിലും സ്ഥിതിയിലുമായിരുന്നാലും അചിരേണ ഭേദപ്പെടുത്താവുന്നതാണ്.

ആൎത്തവസംബന്ധമായും ഗൎഭപാത്രസംബന്ധമായും ഉള്ള എല്ലാ രോഗങ്ങളേയും അല്പകാലത്തിനകം നിശ്ശേഷം സുഖപ്പെടുത്താം.

അധികവിവരങ്ങൾക്ക് താഴെക്കാണുന്ന മേൽവിലാസത്തിൽ, ഇംഗ്ലീഷിൽ എഴുതുക.

Messrs. Reddy & Co., (Rega)
Gopalapuram Post,
(Via) Kottapata, East Godavary Dist.

# സുതയും സ്നുഷയും.

---

(ആർ. എം. ആനാപ്പുഴ.)

## vi.

ഫുല്ലകുമാരിയോ! അവൾക്കും പിതൃഗൃഹത്തിൽ ആനന്ദമുണ്ടായോ! അവൾ വിവാഹം കഴിഞ്ഞ ഉടനെ—നന്ന കുട്ടിപ്രായത്തിൽതന്നെ—ഭർത്തൃഗേഹത്തിലേക്ക് പോയതാണ്; ഇപ്പോഴക്ക് പതിനാലു മുഴുവൻ സംവത്സരവും കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ കാലചക്രം അവളുടെ ഭവനത്തിൽ—പിതൃഗൃഹത്തിൽ—പലേ മാററങ്ങളും വരുത്തിയിട്ടുണ്ടു്. സൌന്ദൎയ്യവതിയും, സൽസ്വഭാവയും, ആയിരുന്ന അവളുടെ മാതാവു് വയസ്സു കൂടുംതോറും കോപിഷ്ഠയായും, ക്രൂരയായും ഭവിക്കുന്നുണ്ടു്. അവളുടെ ജ്യേഷ്ഠസഹോദരപത്നി തന്നേപ്പോലെ മദ്ധ്യവയസ്കയായിരിക്കുന്നു. കുട്ടികളായിരുന്ന സഹോദരന്മാർ വളൎന്നു പുരുഷന്മാരായി. അന്നു കാണാത്ത പല കുട്ടികളും ജനിച്ചിട്ടുണ്ടു്. അവൾക്കെല്ലാം അത്ഭുതമായിത്തോന്നി.

സൌമ്യവദനയായ ലജ്ജാവതിയെപ്പററിയാണ് അവൾക്ക് അധികം വിചാരമുണ്ടായതു്. ഹാ! അവളോടുള്ള മററുള്ളവരുടെ പെരുമാററം! അവളുടെ ശൈശവകാലം ആനന്ദകരമായി കഴിച്ച മന്ദിരം ഇതുതന്നെയോ! ഈ ഗൃഹമാണോ അവൾ കാണുവാൻ അമിതമായി ആഗ്രഹിച്ചതു്! ഈവക വിചാരങ്ങളാൽ ഫുല്ലകുമാരിയുടെ ഹൃദയത്തിന്നു് എന്തെന്നില്ലാത്ത ഒരമൎച്ചയുണ്ടായി.

ലജ്ജാവതിയുടെ കാൎയ്യത്തെപ്പററി മാതാവിനോടു് പറയുവാൻ അവൾ ശ്രമിച്ചു. എന്നാൽ ആ ഉദ്യമം കാൎയ്യത്തിനു വൈഷമ്യം വൎദ്ധിപ്പിക്കുകയാണുണ്ടായതു്. അതിനാൽ ഫുല്ലകുമാരിതന്നെ ലജ്ജാവതിയെ സമാധാനചിത്തയാക്കാൻ തീരുമാനിച്ചു. സഹോദരൻ പുറത്തേക്കു വന്നപ്പോൾ അയാളോടു് അവൾ വിവരമെല്ലാം പറഞ്ഞു. അയാളും ലജ്ജാവതി കുററക്കാരിയല്ലെന്നു് സമ്മതിച്ചു. പണ്ടം പോയതിലല്ലെന്നും, അമ്മയോടു കയൎത്തുപറഞ്ഞതിലാണു് തനിക്കു് ദേഷ്യം തോന്നിയതെന്നും മററും അയാൾ സഹോദരിയോടു പറഞ്ഞു.

ഫുല്ലകുമാരി സാവധാനത്തിൽ അയാളെ കാൎയ്യമെല്ലാം വിശദമായി ധരിപ്പിച്ചു. ലജ്ജാവതി അമ്മയോടു് കയൎത്തു് പറഞ്ഞി

ല്ലെന്നും, കാര്യത്തിൻെറ സൂക്ഷ്മതത്വം വെളിപ്പെടുത്തുവാൻ മാത്രമേ അവൾ ശ്രമിച്ചുള്ളുവെന്നും, അമ്മ പ്രായാധിക്യംകൊണ്ടും, മററും തെററിദ്ധരിച്ചതാണെന്നും, എല്ലാം പ്രസ്താവിച്ചു. അപ്പോൾ അയാൾക്കും അലിവുണ്ടായി.

"സഹോദരാ! ഇപ്പോൾ നിനക്ക് ലജ്ജാവതി കുററക്കാരിയെന്ന് ബോദ്ധ്യമുണ്ടോ?"

"ഇല്ല;" എന്നു പറഞ്ഞ് അയാൾ വീണ്ടും അകത്തേക്കു പോയി.

ലജ്ജാവതി വ്യസനപരവശയായി കിടക്കുന്നു; അയാൾ അവളുടെ അടുത്തിരുന്നു.

"ലജ്ജാവതീ!" അയാൾ ഗദ്ഗദസ്വരനായി; സകല വിവരങ്ങളും അവളോടു പറഞ്ഞു. തൻെറ തെററിദ്ധാരണയ്ക്കു മാപ്പു കൊടുക്കേണമെന്നും, ഇനി ഒരിക്കലും അവളെ ശകാരിക്കുകയില്ലെന്നുംകൂടി ധരിപ്പിച്ചു.

ഹാ! ആ സമയത്തെ പരമാനന്ദം സാക്ഷാൽ സർവ്വേശ്വരനല്ലാതെ മററാക്കറിയാം! ഒരു വ്യാഴവട്ടക്കാലം മുഴുവനും അവൾക്കും ഭർത്താവിനും മദ്ധ്യേ തിങ്ങിവിങ്ങി നിന്നിരുന്ന കൃഷ്ണാംബുദങ്ങൾ ഇപ്പോഴാണ് ജലകണങ്ങളായി പരിണമിച്ചത്. തൻെറ മനസ്സമാധാനത്തിന്നായി അയാളുടെ സ്നേഹാനുതാപങ്ങൾ ഇതാ അദ്യമായിട്ടാണ് അവൾക്കു ലഭിച്ചതും! ഗൃഹംസർവ്വം നിശ്ശബ്ദം; എന്നാൽ ലജ്ജാവതിയ്ക്കുമാത്രം ഉറക്കം ഉണ്ടായില്ല. സ്നേഹം ഭിക്ഷിച്ച്, അവളുടെ നിഷ്കളങ്കഹൃദയം നോററിരുന്ന നോയ്മ്പ് ഇന്നു കാലം കൂടിയിരിക്കുന്നു. ഈ ജന്മത്തിൽ ലഭിക്കാവുന്ന ഏററവും ദിവ്യമായ സുഖം അവൾക്കു കരസ്ഥമായി. ലുബ്ധൻ തൻെറ നാണ്യങ്ങളോരോന്നായി എണ്ണുന്നതുപോലെ, അവൾ ആ ആനന്ദവേളയിലെ ഓരോ നിമിഷങ്ങളും മനസാ വിചിന്തനം തുടങ്ങി.

"എന്നാൽ ഈ ദുഃഖപരിവർത്തനഘട്ടം എങ്ങനെ ഉണ്ടായിയെന്നും ആരാണ് അദ്ദേഹത്തെ സത്യാവസ്ഥ ധരിപ്പിച്ചതെന്നും" മററും ഓർത്ത് അവൾ കുഴങ്ങി. പെട്ടെന്ന് ഒരൊച്ചകേട്ട് അവൾ തിരിഞ്ഞുനോക്കി. ഫുല്ലകുമാരി അടുത്തു നില്ക്കുന്നു!

"സോദരീ! നീ ഇതുവരെയും ഉറങ്ങിയില്ലേ?"

ഉറങ്ങുകയോ! ഇല്ല, അതവൾക്കെങ്ങനെ സാധിക്കും? ഭർത്താവിനെ യാത്രയാക്കി ഇറയംവരെ അനുഗമിച്ച്, തിരികെ വന്നുകിടന്നിട്ട് അല്പനേരമേ ആയിട്ടുള്ളു. അവളുടെ ഹൃദയം വിവിധവിചാരങ്ങളാൽ കലുഷിതമായിരിക്കുന്നു. പിന്നെ അവളെങ്ങനെ ഉറങ്ങും?

"ഇനിയും ഉറങ്ങാതെയിരിക്കുന്നതെന്താണ്" എന്നു് ഒരുവിധം ലജ്ജാവതിയും ചോദിച്ചു.

"ഞാൻ ഇപ്പോൾതന്നെ കിടന്നേയുള്ളു; എന്നിട്ടും ഉറക്കം വരുന്നില്ല; അതിനാൽ നിന്റെ അടുക്കലേക്ക് വന്നതാണ്; വിളക്കു കത്തിക്കട്ടെ. നിന്റെ മുഖം കണ്ടുകൂടല്ലൊ!!"

ഫുല്ലകുമാരി വിളക്കുകൊളുത്തി; അവൾക്ക് എന്തെന്നില്ലാതെ വാത്സല്യം തോന്നിയിരിക്കുന്ന ആ സൌമ്യവദനം അവൾ വളരെ നേരം നോക്കിനിന്നു.

"ലജ്ജാവതീ! നിന്റെ വിവാഹം കഴിഞ്ഞിട്ട് വാസ്തവത്തിൽ പന്ത്രണ്ടുകൊല്ലം കഴിഞ്ഞോ! അന്ന് ഇതിലും നന്ന ചെറുപ്പമായിരുന്നുവോ? നീ ഒരു നവോഢയെന്ന് ആരും പറയത്തക്കവിധം അത്ര ചെറുപ്പമായിത്തോന്നുന്നു!!

ലജ്ജാവതി ഒരു ചെറുകുട്ടിയെപ്പോലെ ചിരിച്ചു.

"സോദരീ! നീ ഈ പ്രത്യേകരീതിയിലാവാനുള്ള കാരണമെന്തു്?"

"ഏതുരീതി?" ലജ്ജാവതി ആശ്ചര്യവതിയായി.

"നീ അത്ര സാധുവും അത്ര സൌമ്യയും ആണ്; നിന്നെ കുററംപറഞ്ഞാൽകൂടി എതിർത്തുനില്ക്കാൻ നിന്നെക്കൊണ്ട് അസാദ്ധ്യം."

"എനിക്കു സാധിക്കയില്ല; ഞാൻ പറയാൻ ശ്രമിക്കുന്തോറും കാര്യങ്ങൾ കുഴപ്പത്തിലാകുന്നു; എനിക്ക് ശരിയായി പറവാനറിഞ്ഞുകൂടാ; എല്ലാവരും എന്നെ തെററിദ്ധരിക്കുന്നു" അവളുടെ ശബ്ദത്തിൽ വ്യസനചിഹ്നമുണ്ടായിരുന്നു.

"എന്റെ സോദരൻപോലും, ഞാൻ പറഞ്ഞതിനുശേഷമാണ്, ഇന്നു വൈകുന്നേരം, അവൻ സത്യസ്ഥിതികളെല്ലാം അറിഞ്ഞതു."

"ഹാ! ഇതെല്ലാം ധരിപ്പിച്ചതു് ഫുല്ലകുമാരിതന്നെ! തന്റെ ഭർത്താവിന്റെ സ്നേഹപ്രദർശനത്തിനുള്ള കാരണം ഫുല്ലകുമാരിയുടെ ദയതന്നെ. കൃതജ്ഞതയാൽ അവളുടെ ഹൃദയവും നയനങ്ങളും

"നിങ്ങളുടെ സോദരൻ വരുമ്പോഴെല്ലാം ഞാൻ കരകയാണ് പതിവു" എന്നു ലജ്ജാവതി പറഞ്ഞു.

"കാര്യം പറഞ്ഞുധരിപ്പിക്കാൻ നിനക്കു വശമില്ല."

"അതെങ്ങനെ? അദ്ദേഹം എന്നെ ശകാരിക്കയല്ലാതെ, കാര്യസ്ഥിതി എന്നോട്ട് ചോദിക്കാറില്ല."

"സാധു! ലജ്ജാവതീ! നിന്നെ ശകാരിക്കാൻ ആൎക്കാണ് തോന്നുക."

"ഹാ! സോദരീ! കുറച്ചുദിവസം കഴിഞ്ഞാൽ നിങ്ങൾക്കും എന്നോട്ട് വിരോധമാവും. എന്നെ ദേഷ്യപ്പെടാതിരിപ്പാൻ ആൎക്കും സാധിക്കാത്തമാതിരിയാണ് കാണുന്നത്."

"ഒരിക്കലും ഇല്ല; ഇല്ല."

"എന്നാൽ എൻെറ കുററം കാണുമ്പോഴോ!"

"ഇല്ല എന്നാലുമില്ല; ഞാനെപ്പോഴും നിന്നെ സ്നേഹിക്കയേയുള്ളു. എന്തുവന്നാലും ശരി."

ലജ്ജാവതി, ഫുല്ലകുമാരിയുടെ കൈയുന്നിപ്പിടിച്ചു. ഹാ! അവളുത് എത്രമാത്രം ഇഷ്ടപ്പെട്ടുന്നു!

"ഇതു സാദ്ധ്യമോ?" എന്നു ലജ്ജാവതി സംശയിച്ചു.

ഫുല്ലകുമാരിയുടെ ആൎദ്രമനസ്സ് അലിഞ്ഞു; എന്നല്ല, അകത്തുനിന്നും പുറത്തുവന്നപ്പോഴേക്കും അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞിരുന്നു.

ലജ്ജാവതി കിടന്നുവെങ്കിലും, ഉറങ്ങുവാൻ സാധിച്ചില്ല; നിശാദേവി അവളെ അത്രമാത്രം കടാക്ഷിച്ചിരുന്നു! തൻെറ ഭൎത്താവിൻെറ സ്നേഹപ്രദൎശനം, ഫുല്ലകുമാരിയുടെ വാത്സല്യഭാവം എല്ലാംകൂടി മനസ്സിൽ സ്ഥലംപിടിക്കുകയാൽ അവൾക്ക് അകപ്പാടെ സ്വപ്നമയമായി തോന്നി. ഇതൊക്കെ യഥാൎത്ഥമോ എന്നുപോലും ശങ്ക ഉണ്ടായി. സൂൎയ്യോദയത്തിൽ അവൾ എഴുന്നേല്ക്കുവാൻ ശ്രമിച്ചുവെങ്കിലും തലചുററുകയാൽ സാധിച്ചില്ല.

തൽസമയം ഫുല്ലകുമാരി അകത്തെത്തി; ലജ്ജാവതി എഴുന്നേല്ക്കുവാൻ ഭാവിച്ചുവെങ്കിലും അസാദ്ധ്യമായി.

"നിനക്കു സുഖമില്ലെ? എന്താണ് എന്നോടു പറയൂ" എന്നു ഫുല്ലകുമാരി ജിജ്ഞാസയായി.

ലജ്ജാവതി അതു സമ്മതിച്ചില്ല.

"എന്തു് നീ വിറയ്ക്കുന്നുണ്ടല്ലോ; പനിയായിരിക്കാം; മൂടിപ്പുതയ്ക്കുക" എന്നു വീണ്ടും ഫുല്ലകുമാരി പറഞ്ഞു.

അവളുടെ പുതപ്പെവിടെ? തലേദിവസം രാത്രി മുഴുവനും കിടക്കവിരി കൂടാതെയാണ് താൻ കിടന്നതെന്ന് ഇപ്പോഴാണ് അവൾ അറിയുന്നത്! അതു കൊണ്ടുപോയതിനു പകരം മറെറാന്നുകൊണ്ടു വിരിക്കുവാൻ സൂക്ഷ്മമില്ലാത്ത ഭൃത്യമറന്നു.

ഫുല്ലകുമാരി—ലജ്ജാവതീ! നീ രാത്രി മുഴുവനും കിടക്കവിരി ഇല്ലാതെയാണോ ഉറങ്ങിയതു്; അതെവിടെ?

ലജ്ജാവതി— എനിക്കറിഞ്ഞുകൂടാ. ആ വേലക്കാരി കൊണ്ടു പോയിരിക്കാം.

ഫുല്ലകുമാരി അവളുടെ നെററി തൊട്ടുനോക്കി, "സോദരീ! കേൾക്കൂ, നിനക്കു സുഖമില്ല; നിൻെറ നെററിക്കു ചൂടുണ്ട്. അനങ്ങാതെ കിടക്കൂ" എന്നുപറഞ്ഞു.

ലജ്ജാവതി—എനിക്ക് അടുക്കളജോലിയില്ലേ? ഇതൊരു തലവേദന, സാരമില്ല; കുളിച്ചാൽ സുഖപ്പെടും.

ഫുല്ലകുമാരി കാര്യസ്വഭാവം എങ്ങനെയോ ഗ്രഹിച്ച്, "ഇന്നു നീയാണ് വെക്കേണ്ടത്; അല്ലേ? അതിനെപ്പററി ഒട്ടും വ്യസനിക്കേണ്ട. ആ ജോലി ഞാൻ കഴിച്ചുകൊള്ളാം" എന്നുപറഞ്ഞു.

ഇടിവെട്ടുകൊണ്ടാൽപോലും ലജ്ജാവതിയ്ക്കിത്ര അമ്പരപ്പുണ്ടാകയില്ല.

"താക്കർജീ! (ഭർത്തൃസഹോദരീ!) ഭ്രാന്തുപറയുകയോ! നിങ്ങൾ വെക്കുകയോ; കേൾക്ക്, എനിക്കു നല്ല സുഖമുണ്ട്" എന്നു ലജ്ജാവതി പ്രതിവദിച്ചു.

അവൾ എഴുന്നേററുവെങ്കിലും, ഫുല്ലകുമാരി സമ്മതിക്കാതെ കിടത്തി. ഈ സമയത്ത് കിടക്കവിരിയുംകൊണ്ട് വേലക്കാരിവന്ന്, "ഇതാ വിരി, ഇന്നലെ കൊണ്ടുവരാൻ ഞാൻ മറന്നു; ഇനി വിടത്തെ മുറയല്ലേ; വിറകില്ല" എന്നുപറഞ്ഞു.

വേലക്കാരിയോടു പോയി അവളുടെ ജോലി നോക്കുവാനും, താൻ വന്നുകഴിഞ്ഞുവെന്നും ലജ്ജാവതി പറഞ്ഞു. ഫുല്ലകുമാരി അതിനും തടസ്സം പറഞ്ഞു. "നീ ഞാൻ പറയുന്നതു കേൾക്കില്ലേ?"

സാധുലജ്ജാവതിക്ക് ധാതുബലം ഇല്ലാതായി. ഫുല്ലകുമാരിയുടെ വാത്സല്യഭാവം അവളെ അവശയാക്കി. "താക്കർജീ! അടുക്കളയിലേക്കുപോകാൻ ഞാനെങ്ങനെ പറയും?"

ഫുല്ലകുമാരി: — എന്തുകൊണ്ട്? ഞാനീവീട്ടിൽ ഒരന്യയാണോ?

ഫുല്ലകുമാരി അകത്തുനിന്നും പോകുവാൻ ഭാവിച്ചപ്പോൾ ലജ്ജാവതി ഇങ്ങനെ പറഞ്ഞു: —

"ഇതോക്കണേ താക്കർജീ! നിങ്ങൾ അടുക്കളപ്പണിചെയ്താൽ അമ്മ ശകാരിക്കയില്ലേ?"

ഫുല്ലകുമാരി — അതൊക്കെ ഞാൻ ശരിപ്പെടുത്തിക്കൊള്ളാം.

ലജ്ജാവതി ഒന്നും മിണ്ടിയില്ല; കഴിഞ്ഞതെല്ലാം അവൾ ഓർത്തു. ദിനസരിയുള്ള ഗൃഹകൃത്യങ്ങളൊഴികെ മറെറാന്നും അവൾക്കിതേവരെ ഉണ്ടായിട്ടില്ല. അതില്ലാതെ വരുമെന്നായപ്പോൾ അവൾക്ക് വലിയ അസ്വാസ്ഥ്യമുണ്ടായി; എന്നല്ല അവൾ അനുഭവിച്ചുവന്ന നിർദ്ദയത്വംമൂലം, ആരെങ്കിലും സഹായിക്കാമെന്നു പറ

യുന്നതു കേൾക്കുവാൻപോലും വിസമ്മതവുമായിരുന്നു. ഈവക വിചാരങ്ങളാൽ അവൾ, "ഓ, താക്കർജീ! വേണ്ട, അതുവയ്യ" എന്നു വീണ്ടും ശഠിച്ചു.

ഫുല്ലകുമാരി:—ഇതാണു് നിൻെറ തീരുമാനമെങ്കിൽ അങ്ങനെയാട്ടെ; നന്നായി; നീ വിചാരിക്കുംപോലെ ചെയ്യു; പക്ഷെ നീ വെച്ചാൽ ഞാനിന്നു് ഉണ്ണുകയില്ലെന്നു് ഓൎമ്മവേണം.

അല്പം നീരസത്തോടുകൂടി ഫുല്ലകുമാരി അകത്തുനിന്നും പോയി; ലജ്ജാവതി അവളെ വിളിച്ചുവെങ്കിലും നിന്നില്ല. താൻ അതിയായി സ്നേഹിക്കുന്ന താക്കർജിപോലും തന്നോടു മുഷിഞ്ഞുവെന്നു ലജ്ജാവതി തീർച്ചയാക്കി. ഹാ! ഫുല്ലകുമാരിവന്നിട്ടു് ഒരു ദിവസംകൂടി കഴിഞ്ഞിട്ടില്ല. ലജ്ജാവതിക്കു സമാധാനമില്ലാതായി. തലവേദനയും പനിയും വന്നിച്ചു. തൻെറ അളവററ വാത്സല്യമാണു് ഫുല്ലകുമാരിക്കു സ്വല്പം നീരസമുണ്ടാക്കിയതെന്നു ലജ്ജാവതിക്കു മനസ്സിലായി. അതു് അവളുടെ ഹൃദയത്തെ വ്രണപ്പെടുത്തി. സാധു കരഞ്ഞു. ജീവിതം ഏകാന്തവും ശൂന്യവും ആയി അവൾക്കു തോന്നി. "ഞാൻ മരിക്കുന്നതല്ലെ ഉത്തമം; താക്കർജിപോലും എന്നോടു മുഷിഞ്ഞുവല്ലോ!" എന്നവൾ സങ്കടപ്പെട്ടു.

## V.

ലജ്ജാവതിക്കു് അധികംനേരം കിടക്കുവാൻ മനസ്സുവന്നില്ല. ഗൃഹജോലി മനസ്സിലാക്കി. അവൾ അടുക്കളയിൽ ചെന്നപ്പോൾ എന്താണു കാണുന്നതു്! ഫുല്ലകുമാരി പാചകവേലയിൽ ബദ്ധകങ്കണയായിരിക്കുന്നു. സൂതവിദ്യയിൽ ഇന്നത്തെ മിക്ക വിദ്യാൎത്ഥിനികളെപ്പോലെതന്നെ ഫുല്ലകുമാരിയും തീരെ അപരിചിതയാണു്. ജ്യേഷ്ഠസഹോദരപത്നിയോടു് അവൾക്കു് എല്ലാത്തിനും സംശയം ചോദിക്കേണ്ടിവന്നു. അവർ കഷണംനുറുക്കുന്നതിനിടയിൽ ഇതും ചെയ്യാതിരുന്നില്ല. ഒരു പാത്രത്തിൽ പരിപ്പും മറെറാന്നിൽ വെളിച്ചെണ്ണയും അടുത്തടുത്തു് അടുപ്പത്തു വെച്ചു; രണ്ടും നല്ലവണ്ണം തിളച്ചുതുടങ്ങി.

"ഞാനിപ്പോൾ എന്താണു വേണ്ടതു്. വെളിച്ചെണ്ണ തിളച്ചു; പരിപ്പും തിളച്ചുപൊങ്ങി; ഇതാ ഇപ്പോൾ പാത്രത്തിൽനിന്നും പുറത്തുപോകും. എന്താണു വേണ്ടതു്. ഓടിവരണെ." എന്നൊക്കെ പറഞ്ഞു. സഹായത്തിനു ആളെത്തുന്നതിന്നുമുമ്പു് പരിപ്പുതിളച്ചുപൊങ്ങി ഫുല്ലകുമാരിയുടെ കാലിന്മേൽ വീണു. ഈ സമയ

ത്താണ് ലജ്ജാവതി എത്തിയതു്. ഈ കാഴ്ച അവളെ വല്ലാതെ അമ്പരപ്പിച്ചു. മുഖം വിളറി. തൽസമയം വേണ്ടതു് അവൾ ചെയ്തു. പൊള്ളിയതു് ഫുല്ലകുമാരിക്കാണെങ്കിലും, വേദന ലജ്ജാവതിക്കായിരുന്നു. വേദന സഹിക്കുകയല്ലാതെ അവളെക്കൊണ്ടു മററെന്താണു സാദ്ധ്യം!

സാധു! കാലം നന്നല്ല; ഇതാ ഏററവും ഭയപ്പെടുന്ന പിശാചെത്തിക്കഴിഞ്ഞു! ആദ്യം ഒരു ശാന്തത ഉണ്ടായി. പിന്നീടു് കോപമാരി വർഷിച്ചു. തൻെറ പുത്രി വെക്കുകയോ! ആരുടെ കല്പനപ്രകാരമാണ്; നോക്കു; അവൾ കാലുപൊള്ളിച്ചു!

ജ്യേഷ്ഠസ്നുഷ സന്ധി പറഞ്ഞുനോക്കി; ഫുല്ലകുമാരിയോടു അടുക്കളയിൽ കടക്കേണ്ടെന്നും മററും അവൾ പറഞ്ഞുവത്രേ. ലജ്ജാവതിക്കു സുഖമില്ലെങ്കിൽ ആ ജോലികൂടി താനെടുത്തുകൊള്ളാമെന്നും, അല്ലാതെ ഫുല്ലകുമാരിയോടു് ആരും പറഞ്ഞില്ലെന്നും ധരിപ്പിച്ചു.

മാതാവു്—ഓ! അങ്ങനെയാ; ഇവിടത്തെ രാജ്ഞിക്കു് ശീലായ്മ. അതുകൊണ്ടു് എൻെറ മകൾ പണി എടുക്കണം. അല്ലെ? ഫൂൽ! വാ, കേൾക്കു, എൻെറ പെററമ്മയാണെ ഞാൻ നിലത്തു തലതല്ലിപ്പൊളിക്കും. ഈ മാതിരിയിലുള്ള ഭാര്യ മകനില്ലാതിരിക്കയാണ് ഉത്തമം.

ഫുല്ലകുമാരി—ഞാൻ സ്വമനസ്സാലെയാണു വന്നതു്; ഏതായാലും ഇനി ഇതു മുഴുവനാക്കട്ടെ.

മാതാവു്—കൊള്ളാം; നീ ബുദ്ധിമുട്ടുക; ആ കള്ളി മിണ്ടാതിരിക്കുക. അല്ലെ? ഞാൻ പറയുന്നതു കേൾക്കു്. നീയാണ് അവൾക്കു് ഏളുതരം കൊടുക്കുന്നതു്. അവളെപ്പോലെ ഒരുത്തിയെ ഞാനിതേവരെ കണ്ടിട്ടില്ല.

മാതാവു് മകളെ പിടിച്ചുപിടിയാലെ കൊണ്ടുപോയി.

## VI.

ലജ്ജാവതി വിഷാദശീലയായി സാവധാനം അടുക്കളജോലിചെയ്തു; ജോലിതീൎന്നതോടുകൂടി അവൾ ക്ഷീണാൎത്തയായി അകത്തു ചെന്നുകിടന്നു. ഉണ്ണാൻ സമയത്തു്, "എവിടെ അമ്മച്ചി; ഒന്നിച്ചിരുന്നുണ്ണുന്നതു യോഗ്യതയ്ക്കു് കുറവാകുമോ!" എന്നും മററും ഗൃഹനായിക പുലമ്പി.

"അമ്മയ്ക്കു സുഖമില്ല; കിടക്കയാണ്" എന്നു പുത്തരണി പറഞ്ഞു.

"അതെല്ലാം തട്ടിപ്പാണു്; ജോലിയുള്ളപ്പോഴൊക്കെ അവൾക്കു് സുഖക്കേടാണു്" എന്നു മാതാവു തട്ടിവിട്ടു.

എന്നാൽ ഫുല്ലകുമാരിക്കു് സത്യസ്ഥിതി അറിയാമായിരുന്നു; അത്യന്തം സുഖക്കേടില്ലാതെ ലജ്ജാവതി കള്ളത്തൊഴിലായി കിടക്കയില്ലെന്നും, ഉണ്ണാൻ വരാതിരിക്കയില്ലെന്നും അവൾ മനസ്സിലാക്കിയുമിരുന്നു.

"അവൾക്കു കാലത്തുതന്നെ സുഖമില്ലായിരുന്നു; അടുക്കളജോലി അതു വൎദ്ധിപ്പിച്ചിരിക്കണം. സുഖക്കേടു കൂടാതിരിക്കണമെന്നേ എനിക്കു പ്രാൎത്ഥനയുള്ളു" എന്നു ഫുല്ലകുമാരി പറഞ്ഞു.

"നീ 'ഒപ്പാരി' പറയാണു്; എന്തിനാണു് ദിനം മുൻകൂട്ടി ക്ഷണിച്ചുവരുത്തുന്നതു്! അവൾക്കു ലഘുവായ തലവേദനയോ മറ്റോ ഉണ്ടാകാം; അതുകൊണ്ടെന്തിനാണവൾ കിടക്കുന്നതു്. ഇതൊക്കെ സ്വത്തുള്ള കുടുംബത്തിലെ പറ്റൂ. നമ്മുടെ സ്ഥിതിയിലുള്ളവൎക്കു് ഇതൊന്നും നന്നല്ല" എന്നു മാതാവു് പ്രതിവദിച്ചു.

ഫുല്ലകുമാരി ഒന്നും മിണ്ടിയില്ല. പ്രാതലിനുശേഷം അവൾ ലജ്ജാവതിയുടെ അകത്തുചെന്നു. അമ്മയും അവളെ അനുഗമിച്ചു.

ഫുല്ലകുമാരി (ലജ്ജാവതിയുടെ നെററി തൊട്ടുനോക്കീട്ടു്)— തീപോലെ ചുടുന്നു; ദേഹം വിറയ്ക്കുന്നുമുണ്ടു്. ഇവളുടെ പുതപ്പെവിടെ? ഇന്നലെ രാത്രി അതുണ്ടായിരുന്നില്ല. തണുപ്പുമൂലമാകാം സുഖക്കേടു്!

ഗൃഹനായികയും നെററി തൊട്ടുനോക്കി. പനി തന്നെയെന്നു ബോദ്ധ്യം വന്നുവെങ്കിലും പിന്നെയും—"ഒരുരാത്രി വിരിപ്പില്ലാണ്ടു കിടന്നൂടേ; ഇവളുടെ വിരിപ്പു മാററിയതുകൊണ്ടാണോ ഈ സുഖക്കേടു് പിടിപെട്ടതു്" എന്നുപറഞ്ഞു.

പുതപ്പിനെപ്പററി ലജ്ജാവതി ഒന്നുംതന്നെ അറിഞ്ഞതേയില്ല. രാവിലെ കിടക്ക തട്ടിക്കുടഞ്ഞപ്പോൾ വേറൊരു വിരിപ്പാണു കണ്ടതു്. വേലക്കാരിക്കു മാറിപ്പോയതാകാമെന്നുവിചാരിച്ചു് പുന്നരണിവശം അതു മടക്കിക്കൊടുത്തയയ്ക്കുയാണുണ്ടായതു്!

ഫുല്ലകുമാരിക്കു് ഇതിനെപ്പററി അധികം കേൾക്കുവാൻ മനസ്സുണ്ടായില്ല. "പോയതു കിട്ടിയല്ലോ; ആ കാൎയ്യം പോട്ടെ." എന്നു് അവൾ പറഞ്ഞു.

ഗൃഹനായിക മുറിയിൽനിന്നും പോയി. "സുതയും സ്നുഷയും" മാത്രമായി. ഫുല്ലകുമാരി ലജ്ജാവതിയുടെ വിളറിയ മുഖത്തു നോക്കി. ആ ദാരുണമായ കാഴ്ച അവൾക്കു മനോവേദന ഉളവാക്കി.

"എന്തുകൊണ്ടു് അടുക്കളജോലി ചെയ്വാൻ നീ എന്നെ അനുവദിച്ചില്ല; എന്നാലിങ്ങനെ സുഖക്കേടായി കിടക്കാൻ സാധിക്കുമോ! അല്ലേ?"

ലജ്ജാവതിയുടെ നേത്രങ്ങൾ അശ്രുകലുഷിതങ്ങളായി. "അല്ല; അങ്ങനെയല്ല; എൻെറ സുഖക്കേടിന് അതല്ല കാരണം; ഇനിയെങ്കിലും എന്നോടു പറയൂ; എനിക്കതു സഹിക്കാൻ വയ്യാ; എനിക്കു വയ്യാ."

ഫുല്ലകുമാരി ലജ്ജാവതിയെ ആശ്ലേഷിച്ച്, അശ്രുകണങ്ങളാൽ അവളെ അഭിഷേകം ചെയ്തു. "ഇല്ല, ഒരിക്കലും ഇല്ല; പ്രിയസോദരീ! ഞാൻ വല്ലപ്പോഴും നിന്നോടു കോപിച്ചിട്ടുണ്ടോ! പറയൂ. ഞാൻ നിന്നെ വാസ്തവത്തിൽ വ്യസനിപ്പിച്ചിട്ടില്ലെന്നു പറയൂ" എന്നു ഫുല്ലകുമാരി ഗദ്ഗദസ്വരത്തിൽ വദിച്ചു.

ലജ്ജാവതി ഒന്നും പറഞ്ഞില്ല; അവൾ കൈകൾ ഫുല്ലകുമാരിയുടെ മാറത്തുവച്ച് വളരെ അധികം കണ്ണീർ വാർത്തു. അതെ, കരയൂ! മനസ്സമാധാനത്തിനുവേണ്ടിയെങ്കിലും കരയൂ! ഈ സ്വല്പ ജീവിതകാലത്തിൽ ഭവതി വളരെ അധികം കണ്ണുനീർ കുടിച്ചിട്ടുണ്ട്. എങ്കിലും ഇതേവിധം യഥാർത്ഥഹൃദയത്തിന്നുവേണ്ടി—സാക്ഷാൽ സ്നേഹത്തിന്നുവേണ്ടി—ഇതിനുമുമ്പൊരിക്കലും ഇല്ല; അതിനാൽ വേണ്ടുവോളം കരഞ്ഞോളൂ; ഭവതിക്കിനി കരയുവാൻ സംഗതി വരില്ല.

ഫുല്ലകുമാരിയും, സ്വഭർത്താവും അവളോടു വാത്സല്യം ചെയ്തിട്ടുള്ളതെന്തോ, അതു് യഥാർത്ഥമായി. അയാൾക്ക് അതിൽ പിന്നെ ഒരിക്കലും അവളെ ശകാരിക്കേണ്ടിവന്നിട്ടില്ല. അല്പദിവസങ്ങൾക്കുള്ളിൽ ഒരു മൃതശരീരം ശ്മശാനത്തേക്കു കൊണ്ടുപോയി. ലജ്ജാവതി പ്രപഞ്ചത്തിരയ്ക്കുള്ളിൽ മറഞ്ഞുവെന്നു ലോകർ ധരിച്ചു.

ഹാ! കഠിനഹൃദയയായ ശ്വശ്രുവോ! അവരുടെ ദുഷ്ടമനസ്സിന്നലിവുണ്ടായോ! ആർക്കറിയാം. മാലോകരെ ബോധിപ്പിക്കുവാൻ അവർ വാവിട്ടു കരഞ്ഞുവെന്നതു് വാസ്തവമാകാം; എങ്കിലും അവർ അവളെത്തന്നെ കുററപ്പെടുത്തുകയാണു് ഉണ്ടായതു്.!

"അവൾ തന്നത്താൻ മരിച്ചതാണു്; അവൾ കുറുമ്പുകൊണ്ടു് കിടക്കവിരി ഉപയോഗിക്കുവാൻ കൂട്ടാക്കില്ല. അവൾക്കു സുഖക്കേടാണെന്നു് ആരോടും പറയില്ലെന്നു മക്കടമുഷ്ടി പിടിച്ചിരുന്നു" എന്നൊക്കെയായിരുന്നു ആ പാട്ടിൻെറ പല്ലവി.

ഈ മനഃചേഷ്ട അവരുടെ ഏകസ്നുഷയാലും, ഭൃത്യജനങ്ങളാലും, മററും അവരുടെ വിലാപങ്ങളിലും പ്രതിധ്വനിക്കപ്പെട്ടിരുന്നു. ഒരു ഗൃഹത്തിന്റേയോ, ഒരു സ്ഥാപനത്തിന്റേയോ, ഒരു ശാലയുടേയോ എന്നുവേണ്ട, ഏതെങ്കിലും ഒന്നിന്റെ ഭരണകൎത്താവിനോ, കൎത്ത്രിയ്ക്കോ പ്രതികൂലമായി വൎത്തിക്കയെന്നതു് ലൌകികസമ്പ്രദായവുമല്ലല്ലോ!

ഫുല്ലകുമാരിയോ! ഹാ! ലജ്ജാവതീ! ജീവിതം ഭവതിക്കൊരനുഗ്രഹം പ്രദാനംചെയ്തിട്ടുണ്ടു്. ഈ ലോകത്തിൽനിന്നു വിട്ടുപോകുന്നവൎക്കു്, അവരെച്ചൊല്ലി ഉണ്ടാകുന്ന മനോവേദനയാൽ പൊഴിക്കുന്ന കണ്ണുനീൎമൂലം "സമ്പൂൎണ്ണസമാധാനം" ഉളവാകുമെങ്കിൽ ലജ്ജാവതിയുടെ ആത്മാവിനും പരിപൂൎണ്ണശാന്തതയ്ക്കു മാൎഗ്ഗമുണ്ടു്. എന്തെന്നാൽ അവൾക്കുവേണ്ടി യഥാൎത്ഥസ്നേഹമുള്ള ഒരു ഹൃദയത്തിന്നു സാദ്ധ്യമാകാവുന്നേടത്തോളം അത്ര കണ്ണീൎകണങ്ങൾ ഒരു സ്ത്രീരത്നം പൊഴിച്ചു! ഫുല്ലകുമാരി മററുള്ളവരെപ്പോലെ ഉറക്കെ നിലവിളിച്ചു് മാലോകരെ ബോദ്ധ്യമാക്കുവാൻ തുനിഞ്ഞില്ല. അതിതീവ്രമായ മനോദുഃഖത്താൽ ഏകാന്തമായിരുന്നു കരഞ്ഞതേയുള്ളു.

"ഹാ! എന്തുകൊണ്ടു്! എന്തുകൊണ്ടു്! ഞാൻ തടസ്സം പറഞ്ഞില്ല; രോഗിണിയായ അവളെ അടുക്കളജോലിയെടുക്കുവാൻ ഞാൻ എന്തിനനുവദിച്ചു! ഹാ! ആ മൃദുലാംഗം എന്റെ ഹൃദയാംഗത്തോടു് ഒരിക്കൽകൂടി ചേൎക്കാൻ—എനിക്കു് മാപ്പിന്നായി അപേക്ഷിക്കാൻ—അവസാനചുംബനംനല്കാൻ—അതേ, സ്നേഹദീക്ഷിതമായ ആത്മാവു്—അമിതമായി സ്നേഹിച്ചതിനുപകരം അല്പമായി സിദ്ധിച്ച ആ പരിപാവനജീവൻ—തിരികെലഭിക്കാൻ—കഴിയുമോ!"

ലജ്ജാവതിക്കു് ആനന്ദോന്മാദം ഉളവാക്കിയതും, അവളുടെ ഏകാന്തവും ദുഃഖസമ്മിശ്രവും ആയ ആത്മാവിന്നു് അത്യന്തവിഹീനവും പരമവും ആയ ശാന്തി ലഭ്യമാക്കിയതും ആയ "സുതയുടെ സദനസന്ദൎശനം!"—ഹാ! ഫുല്ലകുമാരിക്കു തന്റെ അന്ത്യശ്വാസംവരെ അതികഠിനമായ മനോദുഃഖത്തിന്നു ഹേതുവാക്കിയ സദനസന്ദൎശനം—ഇങ്ങനെ ശോകപൎയ്യവസാനമായി പരിണമിച്ചു. ഓം! ശാന്തി!! ശാന്തി!!

ശുഭം.